# ദി ഡിഫൻഡർ

Vol. No. 11 Issue No. 18 RNI Reg. No. 68089 / 97 Published From Perumbavoor 2008 SEPTEMBER 16 Price: Rs.100/- P.A.


# റാലി ചരിത്രമായി ഇനി ഏകോപനസമിതി



ഡിസംബർ 22ന് കെ. സി.ജോണിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്തു നടക്കുന്ന റാലി ചരിത്രമാകുമെന്ന് കെ.സി. ജോൺ നടത്തിയ പ്രവചനം അക്ഷരം പ്രതി നിറവേറി. റാലി നടക്കുന്നതിന് നാലു മാസം മുൻപുതന്നെ റാലി ചരിത്രമായി, ചരിത്രം മാത്രമായി.

ഇന്ത്യയിലെ, വിശേഷിച്ചും കേരളത്തിലെ പെന്തക്കോസ്തുകാരുടെ ഏകനും പ്രത്യക്ഷനുമായ നേതാവാണു താൻ എന്നു വരുത്തിത്തീർക്കാനും അതിലൂടെ ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗത്വമുൾപ്പെടെയുള്ള സ്ഥാനമാനങ്ങൾ തട്ടിയെടുക്കാനും കെ.സി.ജോൺ പരിശ്രമിച്ചു വരുകയാണ്. അതിനുള്ള എളുപ്പമാർഗ്ഗം എന്ന നിലയ്ക്കാണ് ഡിസംബർ 22ന് തിരുവനന്തപുരത്ത് 10 ലക്ഷം പെന്തക്കോസ്തുകാരെ പങ്കെടുപ്പിച്ചുകൊണ്ട് റാലി നടത്താൻ പദ്ധതി തയ്യാറാക്കിയതും. എല്ലാ പെന്തക്കോസ്ത് നേതാക്കൻമാരേയും ഭാരവാഹികൾ ആക്കിയിരുന്നെങ്കിലും കെ.സി.ജോണിന്റെ ഉദ്ദേശ്യമെന്തെന്നു മനസ്സിലായതോടെ മിക്കവരും പിൻമാറി. ശാരോൻ ഔദ്യോഗികമായിത്തന്നെ പിൻമാറി. പി.സി.ഐയും റാലിയിൽ പങ്കെടുക്കില്ലെന്നു പ്രഖ്യാപിച്ചു. എ.ജിയിലും ഐ.പി.സിയിലും ഈ പ്രശ്നത്തിൽ കടുത്ത ഭിന്നിപ്പ് തുടരുന്നു. ചർച്ച് ഓഫ് ഗോഡും വിട്ടുനിൽക്കാനാണ് സാദ്ധ്യത. റാലി നടത്തിയാൽ പതിനായിരം ആളുകൾ പോലും പങ്കെടുക്കില്ലെന്നു വ്യക്തമായി. അതോടെ കെ.സി.ജോൺ അടവു മാറ്റി.

റാലിക്കു പകരം ഡിസംബർ 22ന് തിരുവനന്തപുരത്തുവച്ച് ഒരു പെന്തക്കോസ്ത് ഐക്യ സമ്മേളനമോ ഉപവാസമോ അങ്ങനെ എന്തെങ്കിലും നടത്തി നാണക്കേട് ഒഴിവാക്കാനാണ് ശ്രമം. അതും വിജയിക്കുമോ എന്നു കണ്ടറിയണം. ഏതായാലും റാലി ശരിക്കും ചരിത്രമായി.

താൻ ഐ.പി.സിയുടെ പ്രസിഡന്റ് മാത്രമല്ല എല്ലാ പെന്തക്കോസ്തുകാരുടേയും നേതാവാണ് എന്നു വരുത്തി തീർക്കാനാണല്ലോ കെ.സി.ജോണിന്റെ ശ്രമം. റാലി പൊളിയുകയും ഐക്യ സമ്മേളനം നടക്കുമോ എന്നു നിശ്ചയമില്ലാത്ത സ്ഥിതി സംജാതമാകുകയും ചെയ്തിരിക്കുന്നതുകൊണ്ട് മറ്റെന്തെങ്കിലും അടവ് പ്രയോഗിക്കാനുള്ള ഒരുക്കത്തിലാണ് കെ.സി.ജോൺ.

ഒരു പെന്തക്കോസ്ത് ഏകോപന സമിതി ഉണ്ടാക്കാനാണ് ആലോചന. വിവിധ സഭകളുടെ കൺവെൻഷനുകളും മറ്റു പ്രോഗ്രാമുകളും ഒരേ സ്ഥലത്ത്, ഒരേ സമയത്തു നടക്കുന്നതുമൂലം പലതരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഒരു പെന്തക്കോസ്ത് ഏകോപന സമിതിയുണ്ടെങ്കിൽ എല്ലാ സഭകളും തമ്മിൽ കൂടിയാലോചിച്ച് പ്രോഗ്രാമുകൾ ക്രമീകരിക്കാനും അതിലൂടെ പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയും. മാത്രമല്ല, പെന്തക്കോസ്തുകാരുടെ ഐക്യത്തിന് ഇത്തരം ഒരു സമിതി സഹായകമാകുകയും ചെയ്യും.

ആശയം വളരെ നല്ലതാണെന്നതിനു സംശയമില്ല. പക്ഷേ ഉന്നത തലത്തിൽ ഇത്തരം ഒരു സമിതിയുണ്ടായാൽ സ്വാഭാവികമായും കെ.സി.ജോൺ ആയിരിക്കുമല്ലോ പ്രസിഡന്റ്. അതുതന്നെയാണ് കെ.സി.ജോണിന്റെ ലക്ഷ്യവും. റാലിയോ ഉപവാസമോ ഏകോപന സമിതിയോ ഒലക്കേടെ മൂടോ എന്തുതന്നെ ആയാലും കെ.സി.ജോണിന് പ്രസിഡന്റാകണം. അതിലൂടെ സകല പെന്തക്കോസ്തിന്റേയും നേതാവാണെന്നു വരുത്തി തീർക്കണം. ഇതാണ് കെ.സി.ജോണിന്റെ ഹിഡൻ അജണ്ട. ആകയാൽ പെന്തക്കോസ്ത് നേതാക്കൻമാർ സൂക്ഷിക്കുക, കെ.സിയുടെ തന്ത്രം തിരിച്ചറിയുക.

# ഡാളസ്സിലും റാം ബാബു കൈ വലിച്ചുനീട്ടി

റാംബാബു എന്ന കള്ളൻ അമേരിക്കയിലും കൈ വലിച്ചുനീട്ടി. ബഥേൽ പി. ജേക്കബ് ഉൾപ്പെടെയുള്ള വിവരദോഷികൾ ഹാലേലൂയ്യാ പറഞ്ഞു.

രണ്ടാഴ്ച മുൻപാണ് സംഭവം നടന്നത്. റാംബാബു ഡാളസ്സിൽ പ്രസംഗിക്കുന്നു. പറയുന്ന ഓരോ വാക്കിനും ജനം ഹാലേലൂയ്യാ പറയുന്നു. അതൊക്കെ കഴിഞ്ഞ് റാംബാബു പതിവുപോലെ രോഗികളെ സ്റ്റേജിലേക്കു വിളിച്ച് പ്രാർത്ഥിക്കയും സാക്ഷ്യം പറയിക്കയും ചെയ്തു. തലവേദന, കാൽവേദന, മനഃപ്രയാസം, ചൊറിച്ചിൽ തുടങ്ങിയ മാരക രോഗങ്ങൾ സൗഖ്യമായതായി പലരും സാക്ഷ്യം പറഞ്ഞു. പുറമെ കാണാവുന്ന ഒരു രോഗവും സൗഖ്യമായില്ല. അതുപോരല്ലോ. സംഗതിക്ക് ചൂടുണ്ടാകണമെങ്കിൽ ശരിക്കും അത്ഭുതം നടക്കണം. അങ്ങനെ റാംബാബു തന്റെ മാസ്റ്റർ പീസ് പുറത്തെടുത്തു.



രോഗസൗഖ്യം ലഭിച്ചതായി സാക്ഷ്യം പറഞ്ഞ ഒരു സ്ത്രീയുടെ രണ്ടു കൈകളും റാംബാബു ചേർത്തുപിടിച്ച് ഉയർത്തി. രണ്ടു കൈകൾക്കും ഒരേ നീളമാണ്. പക്ഷേ ഒരു വശത്തേക്ക് അല്പം ചരിച്ചു പിടിച്ചതുകൊണ്ട് ആ സ്ത്രീയുടെ ഒരു കൈക്ക് നീളക്കുറവാണെന്നു തോന്നും. ഇനിയാണ് അത്ഭുതം: യേശുവിന്റെ നാമത്തിൽ റാംബാബു കൈയ്യിൽ പിടിച്ചു വലിച്ചു. ചരിച്ചു പിടിച്ചിരുന്ന കൈ അതോടൊപ്പം നേരേ പിടിക്കുകയും ചെയ്തു. അതാ രണ്ടു കൈകൾക്കും ഒരേനീളം. ഹാലേലൂയ്യാ. ആമേൻ.

ഇത്തരം ഒരു സംഭവം നേരിൽ കാണാൻ സന്ദർശിക്കുക: www.tsbalan.org/youtube.html

# കെ.ജോയിയുടെ പുസ്തകങ്ങൾ മോനായി അനധികൃതമായി പ്രസിദ്ധീകരിക്കുന്നു



സാഹിത്യമോഷണം തൊഴിലാക്കിയ സി.പി.മോനായി ഇപ്പോൾ മറ്റുള്ളവരുടെ പുസ്തകങ്ങൾ അനധികൃതമായി പ്രസിദ്ധീകരിക്കാനും തുടങ്ങിയിരിക്കുന്നു. പാസ്റ്റർ കെ.ജോയിയുടെ പുസ്തകങ്ങളാണ് മോനായി അനധികൃതമായി പ്രസിദ്ധീകരിക്കുന്നത്.

അറിയപ്പെടുന്ന പ്രസംഗകനായ പാസ്റ്റർ കെ.ജോയിയുടെ പുസ്തകങ്ങൾ നല്ലനിലയിൽ വിറ്റുപോകാറുണ്ട്. ഇതു മനസ്സിലാക്കിയ മോനായി ചില വർഷങ്ങൾക്കു മുൻപ് ഇദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ ചിലത് പ്രസിദ്ധീകരിക്കാനുള്ള അനുവാദം വാങ്ങുകയും അതനുസരിച്ച് പുസ്തകങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തു. പക്ഷേ മോനായിയുമായുള്ള കൂട്ടുകെട്ട് ഏറെ ദോഷം ചെയ്യുമെന്നു മനസ്സിലാക്കിയ പാസ്റ്റർ കെ.ജോയി 2006ൽ മോനായിക്ക് ഒരു കത്തുകൊടുത്തു. ബുക്ക് സ്റ്റാളിന്റെ മാനേജരായ ധർമ്മരാജ് മോനായിക്കുവേണ്ടി ഈ കത്ത് കൈപ്പറ്റുകയും ചെയ്തു. കത്തിന്റെ പ്രസക്ത ഭാഗങ്ങൾ: ''കഴിഞ്ഞ നാളുകളിൽ ഞാൻ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണ ചുമതല നിങ്ങൾ ഏറ്റെടുത്തതിൽ ഞാൻ സന്തോഷിക്കുന്നു. എന്നാൽ ഇനിമേൽ എന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഞാൻ രചിച്ചിട്ടുള്ള യാതൊരു ഗ്രന്ഥങ്ങളും പ്രസിദ്ധീകരിപ്പാൻ നിങ്ങൾക്ക് അവകാശം ഇല്ല എന്ന് ഈ കത്തുമൂലം അറിയിച്ചുകൊള്ളുന്നു''.

അല്പമെങ്കിലും നാണവും മാനവുമുള്ളവർ ഇത്തരമൊരു കത്തു കിട്ടിയാൽ കെ. ജോയിയുടെ പുസ്തകം പ്രസിദ്ധീകരിക്കുന്നതു നിർത്തും. പക്ഷേ സാഹിത്യമോഷണം തൊഴിലാക്കിയ മോനായിക്ക് നാണമെന്ന വാക്കിന്റെ അർത്ഥം പോലും അറിഞ്ഞുകൂടാ. അതുകൊണ്ട് മോനായി കെ.ജോയിയുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതു നിർത്തിയില്ല.

തന്റെ കത്ത് അവഗണിച്ചുകൊണ്ട് മോനായി പുസ്തക പ്രസിദ്ധീകരണം തുടരുന്നതിനാൽ കെ.ജോയി അടുത്ത കാലത്ത് വീണ്ടും ഒരു കത്തു നൽകി. ഈ കത്ത് സാലി ഒപ്പിട്ടു വാങ്ങുകയും ചെയ്തു. ഈ കത്തിന്റെ ഉള്ളടക്കം ഇതാണ്:

''കഴിഞ്ഞ നാളുകളിൽ ഞാൻ രചിച്ചിട്ടുള്ള ഏതാനും പുസ്തകങ്ങളുടെ പ്രസിദ്ധീകരണ ചുമതല ഞാൻ നിങ്ങൾക്കു നൽകിയിരുന്നല്ലോ. എന്നാൽ ഇനിമേൽ എന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ ഞാൻ രചിച്ചിട്ടുള്ള യാതൊരു ഗ്രന്ഥവും നിങ്ങൾ പ്രസിദ്ധീകരിക്കരുതെന്നു കാണിച്ചുകൊണ്ട് 5-2-2006ൽ ഞാൻ നിങ്ങൾക്കു കത്തു നൽകിയിരുന്നു. പ്രസ്തുത കത്തിനെ നിങ്ങൾ അവഗണിച്ചുകൊണ്ട് എന്റെ ഗ്രന്ഥങ്ങൾ നിങ്ങൾ വീണ്ടും പ്രസിദ്ധീകരിക്കുന്നതായി എന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ആകയാൽ ഒരു പ്രാവശ്യംകൂടി നിങ്ങൾക്കു മുന്നറിയിപ്പു തരുവാൻ ഞാൻ പ്രേരിതനായിത്തീർന്നു. ദയവായി ഇനിമേൽ എന്റെ അനുവാദം കൂടാതെ എന്റെ യാതൊരു ഗ്രന്ഥവും നിങ്ങൾ പ്രസിദ്ധീകരിക്കരുത് എന്നു വീണ്ടും ഗൗരവമായി ഈ കത്തുമൂലം നിങ്ങളെ അറിയിക്കുന്നു''. ഇതാണ് സംഗതി.

ഇനിയെങ്കിലും മോഷണായി മോഷണം നിർത്തുമോ? സാദ്ധ്യത കുറവാണ്. കാരണം, മോഷണം തൊഴിലാക്കിയവന് മോഷ്ടിക്കാതെ ഉറക്കം വരില്ല.

# ഡിഫെൻഡർ ഇന്റർനെറ്റിൽ വായിക്കുന്നവരുടെ ശ്രദ്ധക്ക്

ഇന്ത്യയിലും വിദേശത്തുമുള്ള ആയിരക്കണക്കിന് ആൾക്കാർ ഡിഫെൻഡർ ഇന്റർനെറ്റിൽ വായിക്കുന്നുണ്ട്. അവരിൽ പലരും ഡിഫെൻഡറിന്റെ വരിക്കാരുമാണ്. എല്ലാ മാസവും 1, 16 തീയതികളിൽ ഡിഫെൻഡർ ഇന്റർനെറ്റിൽ വായിക്കുന്നവർക്ക് ഏതാനും ദിവസം കഴിഞ്ഞ് തപാലിൽ ലഭിക്കുന്ന ഡിഫെൻഡർ ഉപയോഗശൂന്യമാണ്. അതുകൊണ്ട് ഈ പാഴ്ച്ചെലവ് ഒഴിവാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. പരസ്യം നൽകുന്നവരെ കബളിപ്പിച്ച് വൻതുക തട്ടിയെടുക്കാനായി ലക്ഷക്കണക്കിനു വായനക്കാരുണ്ടെന്നും മറ്റും പ്രചരിപ്പിക്കേണ്ട ആവശ്യം ഡിഫെൻഡറിനില്ല. അച്ചടിക്കുന്ന കോപ്പികളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. അതുകൊണ്ട് ഡിഫെൻഡർ ഇന്റർനെറ്റിൽ വായിക്കുന്ന വരിക്കാർ ദയവായി 9447414608 എന്ന നമ്പറിൽ വിവരം അറിയിച്ചാൽ മെയിലിംഗ് ലിസ്റ്റിൽ നിന്നു പേര് നീക്കം ചെയ്യാൻ കഴിയും. ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**വിദേശ വരിക്കാരുടെ ശ്രദ്ധക്ക്:**

വിദേശത്തേക്കുള്ള തപാൽ നിരക്ക് ഈ മാസം മുതൽ ഇരട്ടിയാക്കിയിരിക്കുന്നു. അതുകൊണ്ട് വിദേശത്തേക്കു പത്രം അയയ്ക്കുന്നത് പൂർണ്ണമായും ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. എങ്കിലും പത്രം പത്രമായിത്തന്നെ വായിക്കാതെ തൃപ്തിവരാത്തവരുണ്ട്. അങ്ങനെയുള്ള വിദേശ വരിക്കാർ ഈ ലക്കം ലഭിച്ചാലുടൻ ഫോണിൽ വിവരം അറിയിക്കുക. ഇങ്ങനെ പ്രത്യേകം ആവശ്യപ്പെടാത്ത വിദേശ വരിക്കാർക്ക് നവംബർ മുതൽ ഡിഫെൻഡർ പോസ്റ്റിൽ അയയ്ക്കുന്നതല്ല.

ദി ഡിഫെൻഡർ

Vol. No.11 Issue No. 18 2008 September 16

# യോശുവയുടെ വസ്ത്രം മുഷിഞ്ഞാൽ

മഹാപുരോഹിതനായ യോശുവ മുഷിഞ്ഞ വസ്ത്രം ധരിച്ചതും ഇതിന്റെ പേരിൽ സാത്താൻ യോശുവയ്ക്കെതിരെ കുറ്റാരോപണം നടത്തിയതും മറ്റും ഏവർക്കും അറിവുള്ള കാര്യമാണ്. തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിപോലുള്ള സ്ഥിതിയിലായിരുന്നു യോശുവ. അതുകൊണ്ട് ഇത്തരം ചെറിയ കാര്യങ്ങൾ ചൂണ്ടിക്കാട്ടി യോശുവയെ കുറ്റക്കാരനാക്കുന്നത് നീതീകരിക്കാനാവാത്ത കാര്യമായിരുന്നു. അതുകൊണ്ടാണ് കർത്താവ് സാത്താനെ ശാസിച്ചതും യോശുവയെ ഉത്സവവസ്ത്രം ധരിപ്പിച്ചതും.

ഇന്നത്തെ സ്ഥിതി അതല്ല. ദൈവദാസൻമാരെന്നു പറയപ്പെടുന്നവർക്ക് ഒരുവിധത്തിലുള്ള ബുദ്ധിമുട്ടുമില്ല. ധനവാൻ, സമ്പന്നൻ, ഒന്നിനും മുട്ടില്ല എന്നതാണ് സ്ഥിതി. അതോടെ ദൈവഭയം ഇല്ലാതായി. എത്ര വലിയ പാപവും ചെയ്യാൻ മടിയില്ലാത്ത സ്ഥിതിയിലായി. ഇന്നും സാത്താൻ ഇവർക്കെതിരെ ദൈവസന്നിധിയിൽ കുറ്റാരോപണം നടത്തുന്നുണ്ട്. പക്ഷേ യോശുവയുടെ വിഷയത്തിൽ പറഞ്ഞ മറുപടി ദൈവത്തിനു സാത്താനോടു പറയാനാവില്ല. ഒന്നാമതായി, ഇവരാരും തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിപോലെയല്ല. കഷ്ടതയുടെ തീച്ചുള എന്തെന്ന് ഇവർ അറിഞ്ഞിട്ടുമില്ല. മുഷിഞ്ഞ വസ്ത്രം ധരിക്കുന്നതുപോലെയുള്ള ചെറിയ കുറ്റമൊന്നുമല്ല ഇവരാരും ചെയ്യുന്നത് എന്നതാണ് രണ്ടാമത്തെ കാര്യം. സ്വന്തം അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്നവനെതിരെ സാത്താൻ ആരോപണമുന്നയിച്ചാൽ യോശുവയുടെ കാര്യത്തിൽ സ്വീകരിച്ച നിലപാട് ദൈവത്തിനു സ്വീകരിക്കാൻ കഴിയുമോ?

അഭിഷിക്തനായ ശൗലിനെ ദാവീദ് കൊന്നില്ല എന്ന ന്യായം പറഞ്ഞ് സ്വന്തം പാപങ്ങളെ മറയ്ക്കാനും വിശ്വാസികൾ തങ്ങൾക്കെതിരെ വിരൽ ചൂണ്ടുന്നതു തടയാനും ശ്രമിക്കുന്നവർ ശ്രദ്ധിക്കുക: ശത്രുവായ ശൗലിനോട് എന്തും ചെയ്യാനുള്ള അനുവാദം ദൈവം ദാവീദിനു കൊടുത്തിരുന്നു. എങ്കിലും ശൗലിനെ വെറുതെ വിടാൻ ദാവീദ് സ്വയം തീരുമാനിച്ചു എന്നുമാത്രം. ദാവീദ് ചെയ്തതുപോലെ എല്ലാവരും ചെയ്യണമെന്നു ദൈവം കല്പിച്ചിട്ടില്ല. പത്രോസ് തെറ്റു ചെയ്തപ്പോൾ പൗലോസ് പരസ്യമായി എതിർത്തു. താൻ ചെയ്തത് ശരിയായ കാര്യമായിരുന്നു എന്ന് പൗലോസ് പിന്നീട് പറയുന്നുമുണ്ട്. ദുർന്നടപ്പുകാരായ സഭാനേതാക്കൻമാരോട് ദൈവമക്കൾ ഒരു ദയയും കാണിക്കരുത്. അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നവനും അമ്മായിയമ്മയെ ഭാര്യയാക്കിയവനും ദൈവസഭയിൽ സ്ഥാനമില്ല. ഇത്തരക്കാർ യഹോവയുടെ അഭിഷിക്തരുമല്ല. ഇവരെ സഭയിൽ നിന്നു പുറത്താക്കണം.

# സത്യം സത്യമായി

കുട്ടിസഖാക്കൾ പോലീസ് സ്റ്റേഷൻ ആക്രമിച്ച് പ്രതിയെ മോചിപ്പിച്ചു. ഉടൻ കിട്ടി പോലീസുകാർക്കു സസ്പെൻഷൻ. എന്തിന്? കൃത്യവിലോപം കാട്ടിയതിന്. സഖാക്കൾ വന്നപ്പോൾ എതിർപ്പൊന്നും കൂടാതെ പ്രതിയെ വിട്ടുകൊടുക്കുകയാണ് ശരിയായ കൃത്യം എന്ന് അറിയാത്തവർക്ക് പോലീസിൽ ജോലിചെയ്യാൻ എന്തധികാരം? കൂടുതൽ അന്വേഷിച്ചപ്പോഴല്ലേ കാര്യം പിടികിട്ടിയത്. സഖാക്കൾ പോലീസ് സ്റ്റേഷൻ ആക്രമിച്ചതേയില്ല. വെറുതെ വന്നു പ്രതിയെ കൂട്ടിക്കൊണ്ടു പോകുക മാത്രമാണു ചെയ്തത്. ഇതിനാണോ ഇത്ര ബഹളം കൂട്ടിയത്? ബൂർഷ്വാ മാദ്ധ്യമങ്ങൾ ഇങ്ങനെ പച്ചക്കള്ളം പ്രചരിപ്പിക്കാൻ തുടങ്ങിയാൽ എന്തു ചെയ്യും? ശരിക്കും മാദ്ധ്യമ സിൻഡിക്കേറ്റുതന്നെ.

പൊതുജനം കഴുതയാണെന്നതിന് ടോട്ടൽ തട്ടിപ്പു തന്നെ നല്ല ഉദാഹരണം. ഒരു ലക്ഷം രൂപ നിക്ഷേപിച്ചാൽ അടുത്ത മാസം മുപ്പതിനായിരം രൂപ പലിശ മാത്രം കിട്ടുമത്രേ. ഇത് ഏറെക്കാലം നടപ്പിലാക്കാൻ പറ്റില്ല എന്ന് സാമാന്യ ബുദ്ധിയുള്ളവർക്ക് ഊഹിക്കാവുന്നതേയുള്ളൂ. പക്ഷേ ദ്രവ്യാഗ്രഹം ലഹരിയായി സിരകളിൽ പടർന്നു കഴിഞ്ഞാൽ ഇങ്ങനെയൊന്നും ചിന്തിക്കാനാവില്ല. തിരുവല്ലയിലും കോഴഞ്ചേരിയിലും കുമ്പനാട്ടും മറ്റും ബ്രാഞ്ച് തുടങ്ങാൻ ശബരിക്കു തോന്നാതിരുന്നത് ഭാഗ്യമായി. അല്ലെങ്കിൽ കുറച്ചധികം പെന്തക്കോസ്ത് നേതാക്കൻമാർ പാപ്പരാകുമായിരുന്നു.

എവിടെ എന്തു തട്ടിപ്പു നടന്നാലും അതിലെല്ലാം മിനിമം ഒരു മന്ത്രിപുത്രൻ ഉണ്ടായിരിക്കും എന്നതാണ് ഇന്നത്തെ സ്ഥിതി. തിരുവനന്തപുരത്തെ ടോട്ടൽ തട്ടിപ്പിലുമുണ്ട് ചില മന്ത്രിപുത്രൻമാർ. പക്ഷേ മന്ത്രിമാരുടെ മക്കൾ തെറ്റു ചെയ്യുകയില്ലെന്നും തെറ്റുചെയ്യാനാവില്ലെന്നും നമുക്കറിയാം. അതുകൊണ്ട് ഇതും മാദ്ധ്യമങ്ങളുടെ ദുഷ്പ്രചരണമാണെന്നതിനു രണ്ടു പക്ഷമില്ല. സംശയമുള്ളവർ ഈ കേസ്സിന്റെ കുറ്റപത്രം സമർപ്പിക്കുമ്പോൾ നോക്കിക്കൊള്ളുക: അതിൽ ഒരു മന്ത്രിപുത്രനും ഉണ്ടാകില്ല.

സെസ്സ് വേണോ വേണ്ടയോ എന്ന തർക്കത്തിന് വിരാമമായി. ഇനി സെസ് എങ്ങനെ വേണം എന്ന കാര്യത്തിൽ മാത്രമാണു തർക്കം. വലിയ സെസ് വേണ്ടെന്ന് തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. വലിയത് എന്നാൽ എന്ത് എന്നു പിന്നീടു തീരുമാനിക്കും. ഒരു സംശയം മാത്രം ബാക്കി നിൽക്കുന്നു. യു.ഡി.എഫ് സർക്കാരായിരുന്നു ഇങ്ങനെ ഒരു തീരുമാനമെടുത്തതെങ്കിൽ എന്താകുമായിരുന്നു സ്ഥിതി?

ജഡ്ജിമാരേക്കുറിച്ചു പറഞ്ഞാൽ കോർട്ടലക്ഷ്യമാകും. എന്നാലും പറയാതെ വയ്യ. ഇതാ ഒരു ജഡ്ജിയെ ഇംപീച്ച് ചെയ്യാൻ പോകുന്നു. മറ്റു രണ്ടു ജഡ്ജിമാർക്കെതിരെ അന്വേഷണം നടക്കുന്നു. ഇവരിൽ ഒരാളെങ്കിലും കുറ്റവാളിയാണെന്ന് കരുതാൻ ന്യായമുണ്ട്. 15 ലക്ഷം രൂപയാണ് ഒരു കേസ്സിൽ കൈക്കൂലിയായി എത്തിയത്. ഇങ്ങനെയൊക്കെയാണു കാര്യങ്ങളെങ്കിൽ പണമില്ലാത്തവനെ ദൈവം രക്ഷിക്കട്ടെ.

വിവാദ പാഠപുസ്തകം പിൻവലിക്കുന്നതുവരെ സമരം എന്നൊക്കെയാണ് അടുത്ത ദിവസം വരെ കേട്ടിരുന്നത്. പക്ഷേ പാഠപുസ്തകം പഠിപ്പിച്ചു തീരാറായി. പരീക്ഷയും അടുത്തുവരുന്നു. പക്ഷേ സമരം മാത്രം എങ്ങുമെത്തിയില്ല. അടുത്ത കൊല്ലം ഈ പാഠപുസ്തകം പഠിപ്പിക്കാൻ അനുവിദിക്കില്ല എന്നു പറഞ്ഞ് സമരം നടത്തുകയാണ് ഇനി ഏക പോംവഴി.

ഈ ഓണക്കാലത്ത് 150 കോടി രൂപയുടെ മദ്യം സാക്ഷര കേരളത്തിൽ വിറ്റത്രേ. അനധികൃത മദ്യത്തിന്റെ കണക്കു ലഭ്യമല്ല. അതുകൂടിയായാൽ സംഖ്യ ഇരട്ടിയാകും. ഏതായാലും സാക്ഷര കേരളം മദ്യപ കേരളമാകുന്നു എന്നതിൽ ഏതു കേരളീയനും അഭിമാനിക്കാം.

അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരുന്ന ഒരുവൻ കൊരിന്തിലുണ്ടായിരുന്നു. അവനെ സഭയിൽ നിന്നു പുറത്താക്കാൻ പൗലോസ് നിർദ്ദേശിച്ചു. ഈ മനുഷ്യൻ ഒരു മണ്ടനായിരുന്നു എന്നതിനു സംശയമില്ല. ഇയാൾ കുറഞ്ഞപക്ഷം ഒരു ഉപദേശിയെങ്കിലും ആയിരുന്നെങ്കിൽ ''എന്റെ അഭിഷിക്തൻമാരെ തൊടരുത്, അവർക്ക് ഒരു ദോഷവും വരുത്തരുത്'' എന്ന വാക്യം ഉദ്ധരിച്ച് തടിതപ്പാമായിരുന്നു. ഒരു സംഘടനയുണ്ടാക്കി അതിന്റെ പ്രസിഡന്റോ സെക്രട്ടറിയോ ആകുകകൂടി ചെയ്താൽ ഏതു പാപവും ചെയ്യാനുള്ള ലൈസൻസായി. പാപം തൊണ്ടിസഹിതം പിടിക്കപ്പെട്ടാലും പ്രശ്നമില്ല. അഭിഷേകം നഷ്ടപ്പെട്ട ശൗലിനെ ദാവീദ് കൊല്ലാതെ വിട്ടതുപോലെ അപ്പന്റെ ഭാര്യയെ വച്ചുകൊണ്ടിരിക്കുന്നവന് ആജീവനാന്തം പ്രസിഡന്റും സെക്രട്ടറിയുമൊക്കെയായി തുടരാം. 'ഹാ, ബുദ്ധിയില്ലാത്ത ഗലാത്യരേ' എന്ന് പൗലോസ് വിളിച്ചു. ഇന്നാണ് പൗലോസ് ലേഖനമെഴുതുന്നതെങ്കിൽ 'വിവരംകെട്ട പെന്തക്കോസ്തുകാരേ' എന്നു വിളിക്കുമായിരുന്നു. ദൈവവചനം പഠിക്കാൻ പെന്തക്കോസ്തുകാർ ശ്രമിച്ചിരുന്നെങ്കിൽ അമ്മായിയമ്മയെ ഭാര്യയാക്കിയവൻ യഹോവയുടെ അഭിഷിക്തനെന്ന ലേബലിൽ വിലസി ജനവഞ്ചന നടത്തുമായിരുന്നില്ല.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു.......

അന്ന് അവർ നിങ്ങളെ ഉപദ്രവത്തിന് ഏല്പിക്കുകയും കൊല്ലുകയും ചെയ്യും; എന്റെ നാമം നിമിത്തം സകല ജാതികളും നിങ്ങളെ പകയ്ക്കും. പലരും ഇടറി അന്യോന്യം ഏല്പിച്ചുകൊടുക്കുകയും അന്യോന്യം പകയ്ക്കുകയും ചെയ്യും. കള്ളപ്രവാചകൻമാർ പലരും വന്ന് അനേകരെ തെറ്റിക്കും. അധർമ്മം പെരുകുന്നതുകൊണ്ട് അനേകരുടെ സ്നേഹം തണുത്തുപോകും. എന്നാൽ അവസാനത്തോളം സഹിച്ചുനില്ക്കുന്നവൻ രക്ഷിക്കപ്പെടും.

മത്താ: 24: 9-13

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

വിദേശം: (വാർഷിക വരിസംഖ്യ)

അമേരിക്ക: 30 ഡോളർ

മറ്റു രാജ്യങ്ങൾ: 800 രൂപ

**വിലാസം:**

**ടി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.ടി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം.**

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ ടി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

**ടി.എസ്.ബാലൻ, ആനന്ദ് ഭവൻ**

**കെ.എസ്.ആർ.ടി.സിക്ക് സമീപം,**

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 9447414608**

# മഴക്കാല മിനിസ്ട്രി: അവറാൻ വഹ



കേരളത്തിൽ മഴക്കാലം ആരംഭിച്ചു കഴിഞ്ഞാൽ പെന്ത ക്കോസ്ത് നേതാക്കൻമാർ അമേരിക്കയിലേക്കു കടക്കും. അതിനു കഴിയാത്തവർ ഗൾഫിലേക്കെങ്കിലും പോകും. വിദേശ പര്യടനം തരപ്പെടാത്ത പ്രസംഗകർ അടുത്ത കൺവെൻഷൻ സീസൺ ആരംഭിക്കുന്നതുവരെ വിശ്രമ ജീവിതം നയിക്കും. പക്ഷേ കെ.എ. ഏബ്രഹാം ഇങ്ങനെയൊന്നുമല്ല ചെയ്യുന്നത്. ഇദ്ദേഹം ഭാരത പര്യടനം നടത്തും. അതിനു സാധിച്ചില്ലെങ്കിൽ മറ്റെവിടെയെങ്കിലും പോകും. എങ്ങോട്ടു പോയാലും ടീം കൂടെയുണ്ടാകും.

എന്തിനാണ് ഇങ്ങനെ പര്യടനം നടത്തുന്നത്? അതു ചോദിക്കാനുണ്ടോ? സുവിശേഷ ഘോഷണം തന്നെ ലക്ഷ്യം. ''നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു'' എന്നും പറയും. പക്ഷേ സത്യം അതല്ല. അഞ്ചാറു മാസം വറുതെ ഇരുന്നാൽ ടീം അംഗങ്ങൾ പട്ടിണിയിലാകും. അത് ഒഴിവാക്കാനാണ് ഈ സുവിശേഷ പര്യടനം.

കഴിഞ്ഞവർഷം വടക്കേ ഇന്ത്യയിലായിരുന്നു സുവിശേഷ മോഷണം. അതുകൊണ്ട് ഇത്തവണ അവിടേക്കു പോകേണ്ടതില്ലെന്നു തീരുമാനിച്ചു. പിന്നെ എവിടെ പോകും. ഇന്ത്യയുടെ തെക്കേ അറ്റം തെരഞ്ഞെടുത്തു. ഇപ്പോൾ ഈ പ്രദേശങ്ങളിൽ കലാപരിപാടി പൊടിപൂരമായി നടത്തുകയാണ്.

കെ.സി.ജോൺ പറഞ്ഞതുപോലെ കെ.എ.ഏബ്രഹാമിനുമുണ്ട് ഒരു മോഡസ് ഓപ്പറാണ്ടി. ഏതെങ്കിലും ഒരു സഭയിൽ ചെല്ലും. താമസ സൗകര്യവും ഭക്ഷണവും മാത്രം തന്നാൽ യോഗം നടത്തി കൊടുക്കുമെന്നു പറയും. സമ്മതിച്ചാൽ മൂന്നു ദിവസം യോഗം നടത്തും. സ്തോത്ര ക്കാഴ്ച ഇനത്തിൽ നല്ലൊരു തുക കിട്ടും. സഭയിൽ നിന്നും എന്തെങ്കിലും കിട്ടും. ശാപ്പാടും കുശാൽ. മഴക്കാലത്ത് വീട്ടിലിരുന്നാൽ ഇതുവല്ലതും കിട്ടുമോ?

# സുവിശേഷം തേങ്ങാക്കുലയിലൂടെ

സുവിശേഷവും തേങ്ങാക്കുലയും തമ്മിൽ എന്തു ബന്ധം? ഒരു ബന്ധവുമില്ല എന്നാകും നിങ്ങൾ പറയുക. പക്ഷേ അതല്ല സത്യം. സുവിശേഷം തേങ്ങാക്കുലയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ മർമ്മം കഴിഞ്ഞ ദിവസം ചവർ ചാനൽ കണ്ടപ്പോഴാണ് മനസ്സിലായത്. സുവിശേഷം പ്രചരിപ്പിക്കാനാണ് ചവർ ചാനൽ നടത്തുന്നത് എന്നാണല്ലോ കെ.സി.ജോൺ പയുന്നത്. ഐ.പി.സിയുടെ പ്രസിഡന്റ് കള്ളം പറയുകയില്ല എന്നു തീർച്ച. അങ്ങനെയെങ്കിൽ ചവറിൽ സംപ്രേക്ഷണം ചെയ്യുന്നതെല്ലാം സുവിശേഷമോ സുവിശേഷവുമായി ബന്ധമുള്ള കാര്യങ്ങളോ ആയിരിക്കുമല്ലോ. കഴിഞ്ഞ ദിവസം ചവറിൽ സംപ്രേക്ഷണം ചെയ്ത ഒരു പരിപാടി ഉദ്യാനപാലനവുമായി ബന്ധപ്പെട്ടതായിരുന്നു. ഏതെല്ലാംതരം ചെടികളുണ്ട്, അവയിൽ എന്തെല്ലാംതരം പുഷ്പങ്ങളുണ്ടാകും, ചെടികൾ നട്ടുപിടിപ്പിക്കുന്നതെങ്ങനെ തുടങ്ങിയതൊക്കെ വിവരിച്ചു. ഒടുവിൽ തേങ്ങാക്കുലയിൽ എത്തി. അങ്ങനെയാണ് സുവിശേഷഘോഷണത്തിൽ തേങ്ങാക്കുലയ്ക്കുള്ള സ്ഥാനം പിടികിട്ടിയത്. ഭാവിയിൽ ''ഗോസ്പൽ ഫോർ തേങ്ങാക്കുല'' എന്നൊരു മിനിസ്ട്രി കെ.സി തുടങ്ങാനുമിടയുണ്ട്.



# എ.ഷാജി ബുദ്ധിമുട്ടുന്നു

ഡിഫെൻഡറിന്റെ ശല്യം കാരണം ഈയിടെയായി എ.ഷാജി വളരെയധികം ബുദ്ധിമുട്ടുകയാണ്. മന:സമാധാനമായിട്ട് ഒന്നു വ്യഭിചരിക്കാൻ പോലും വയ്യെന്ന സ്ഥിതിയായിരിക്കുന്നു.

അതീവ രഹസ്യമായി പത്തനാപുരത്തു നടത്തിയ അഭ്യാസങ്ങൾ ഡിഫെൻഡർ അറിഞ്ഞു. പുനലൂർ കൺവെൻഷനിടയിൽ അല്പം നേരമ്പോക്കിനു വഹ കണ്ടെത്തിയതും ഡിഫെൻഡർ വാർത്തയാക്കി. രോഗികളെ സന്ദർശിക്കാനെന്ന പേരിൽ ആശുപത്രികളിൽ കയറിയിറങ്ങാമെന്നുവച്ചാൽ അതും ഡിഫെൻഡർ സമ്മതിക്കുന്നില്ല. അമേരിക്കയിലുള്ള ബന്ധുക്കളേക്കൊണ്ട് ബാലനെ ഭീഷണിപ്പെടുത്തി ഒതുക്കാമെന്നുള്ള പ്രതീക്ഷയും രണ്ടു ഫോൺ വിളികളോടെ അവസാനിച്ചു. എത്ര ഭീഷണിപ്പെടുത്തിയിട്ടും ബാലൻ ഭയപ്പെടുന്നില്ല. ഇനി എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ഷാജി.

# അസൂയയുള്ളവർ കൈ പൊക്കുക

പെന്തക്കോസ്ത് സഭകളിൽ പലവിധ കൈപൊക്കലുകൾ ഉണ്ടാകാറുണ്ടെങ്കിലും അസൂയയുള്ളവർ കൈപൊക്കട്ടെ എന്നു പാസ്റ്റർ പറയുന്നത് അപൂർവ്വമാണ്. പക്ഷേ ഇത്തരം ഒരു സംഭവം ഡാളസ്സിലുണ്ടായി.

ഒരു യോഗത്തിന്റെ അവസാനം പാസ്റ്റർ ഒരു പ്രഖ്യാപനം നടത്തി. ഉടൻതന്നെ താൻ 21 ദിവസം ഉപവസിക്കാൻ പോകുന്നു. മനു മേനോൻ ഈ ദിവസങ്ങളിൽ ശുശ്രൂഷയ്ക്കായി എത്തും. സഭയിൽ വലിയ ഉണർവ്വുണ്ടാകും. ഇത്രയും പറഞ്ഞിട്ട് പാസ്റ്റർ ചോദിച്ചു: ''ഇതൊക്കെ കേട്ടിട്ട് അസൂയ തോന്നുന്നവർ കൈപൊക്കിയാട്ടെ''. സത്യം പറഞ്ഞാൽ ഇതു കേട്ടിട്ട് അസൂയയല്ല ലജ്ജയാണു തോന്നുന്നത്. ഇങ്ങനെയുള്ള ശുംഭൻമാരും പെന്തക്കോസ്തിൽ പാസ്റ്റർമാരായി വിലസുന്നതിൽ ഏതു പെന്തക്കോസ്തുകാരനും ലജ്ജിക്കണം.

## വിവാഹമോചനത്തിനു പാസ്റ്റർ തുണ

ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത് എന്നു ബൈബിൾ പറയുന്നു. പല പാസ്റ്റർമാരേയും മനുഷ്യന്റെ കൂട്ടത്തിൽ കൂട്ടാൻ പറ്റാത്തതുകൊണ്ട് അവർക്കു യോജിപ്പിക്കലും വേർപിരിക്കലും മറ്റും നടത്താൻ ശങ്കിക്കേണ്ടതില്ല. ഇത്തരത്തിലുള്ള ഒരു പാസ്റ്റർ ഇരവിപേരൂരിലുണ്ട്. ഒരു വേർപിരിയൽ ശുശ്രൂഷയുടെ മുഖ്യ സൂത്രധാരനാണ് ഈ ചങ്ങാതി. (തത്ക്കാലം പേരു പറയുന്നില്ല). വിദേശത്തുള്ള ഒരു സഹോദരനും അദ്ദേഹത്തിന്റെ ഭാര്യയുമായി പിണക്കത്തിലാണ്. ആ സ്ത്രീ ഇപ്പോൾ നാട്ടിലുണ്ട്. മേൽപ്പടി പാസ്റ്റർ പ്രശ്നങ്ങൾ എങ്ങനെയെങ്കിലും പറഞ്ഞു തീർക്കുന്നതിനു പകരം വിവാഹ മോചനത്തിന് ആവശ്യമായ നടപടികൾ ചെയ്തുകൊടുക്കുന്നു. ഈ സ്ത്രീയോടൊപ്പം കോടതിയിൽ പോകുന്നു. വിവാഹമോചനം കഴിഞ്ഞാൽ ഈ സ്ത്രീക്ക് എല്ലാവിധ സംരക്ഷണവും നൽകാമെന്ന് വാഗ്ദത്തം ചെയ്യുന്നു. ഇയാൾ എന്തു പാസ്റ്ററാണപ്പാ!

# സ്റ്റോക്ക് തീർന്നിട്ടില്ല ബഥേലേ

''ഇനി ബാലൻ എന്നേക്കുറിച്ച് എന്തെഴുതും?'' ചോദ്യം ബഥേൽ വഹയാണ്. താൻ അതീവ രഹസ്യമായി ചെയ്തുകൂട്ടിയ തോന്ന്യാസങ്ങളിൽ വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ബാലൻ അറിഞ്ഞിരിക്കയുള്ളൂ. ബാലന്റെ കൈയ്യിലെ സ്റ്റോക്ക് ഇതിനോടകം തീർന്നിരിക്കും. ഇങ്ങനെയൊക്കെയാണ് ബഥേൽ കരുതുന്നത്.

ബഥേൽ വിചാരിക്കുന്നതുപോലെയല്ല കാര്യങ്ങൾ എന്ന് ഈ വൈകിയ വേളയിലെങ്കിലും മനസ്സിലാക്കിയാൽ നന്ന്. ബാലൻ വളരെയധികം കാര്യങ്ങൾ അറിഞ്ഞിരിക്കുന്നു. അവയെല്ലാം എഴുതുകയും ചെയ്യും. സുവിശേഷഘോഷണത്തിനെന്നു പറഞ്ഞ് പിരിച്ചുണ്ടാക്കിയ പണം ഉപയോഗിച്ച് സ്വന്തം പേരിൽ സ്ഥലം വാങ്ങി കെട്ടിടം വയ്ക്കുന്നതിന്റെ വിശദാംശങ്ങൾ ബാലന്റെ കൈവശമുണ്ട്. ഈ വകയിൽ എത്ര കോടി രൂപയുടെ അഴിമതി നടന്നു എന്നു ബാലനറിയാം. വ്യാരിയിൽ സ്വന്തം പേരിലുള്ള 22 ഹൗസ് പ്ലോട്ടുകൾ 22 ലക്ഷം രൂപക്ക് വിൽക്കാനായി ഈ മാസം ഒടുവിൽ ബഥേൽ ഇന്ത്യയിലേക്കു വരാൻ പദ്ധതിയിടുന്നതറിയാം. 16 ലക്ഷമെങ്കിലും കിട്ടിയാൽ ഈ പ്ലോട്ടുകൾ വിൽക്കുമെന്നറിയാം. സ്റ്റെപ്പിനിയെ കാണാനാണു വരുന്നതെന്നു ഡിഫെൻഡർ പറഞ്ഞതു തെറ്റാണെന്നു വരുത്തിത്തീർക്കാൻ സാക്ഷാൽ ഭാര്യയോടൊപ്പമാണു വരുന്നതെന്നും അറിയാം. അതുപോലെ, പരമഭക്തന്റെ വേഷം കെട്ടി ബഥേൽ എത്ര സ്ത്രീകളെ - വിശേഷിച്ചും നെഴ്സുമാരെ - ലൈംഗീകമായി ചൂഷണം ചെയ്തിട്ടുണ്ടെന്നും ബാലനറിയാം. ഇപ്രകാരം ബഥേൽ ചവച്ചുതുപ്പിയ ചണ്ടികൾ വെളിപ്പാടിന്റേയും ദർശനത്തിന്റേയും മറവിൽ ഏതൊക്കെ സാധുക്കളുടെ തലയിൽ കെട്ടിവെച്ചെന്നും അറിയാം. ആരും അറിയില്ലെന്നു കരുതിയ ഈ ഹീന കൃത്യങ്ങൾ പൊതുജനം അറിയണം. ബഥേൽ പി. ജേക്കബ് എന്ന നീചൻ ദൈവദാസനല്ല സാക്ഷാൽ ചെകുത്താന്റെ സന്തതിയാണെന്ന് പൊതുജനം തിരിച്ചറിയണം.

# പത്മോസിനെന്തു യു.പിയിൽ കാര്യം?

പത്മോസും യു.പിയും തമ്മിൽ ഒരു ബന്ധവുമില്ല. പക്ഷേ ഇപ്പോൾ അല്പം ബന്ധം ഉണ്ടായിരിക്കയാണ്. ഡാളസ്സിലുള്ള ഷിബു ജോസഫ് എന്നൊരാൾ പത്മോസ് മിനിസ്ട്രി എന്ന പേരിൽ ഒരു പ്രസ്ഥാനം നടത്തുന്നുണ്ട്. പല സുവിശേഷ പ്രവർത്തനങ്ങളേയും ഇദ്ദേഹം സഹായിക്കുന്നതായും അറിയാം. പക്ഷേ ഈയിടെ ഇദ്ദേഹത്തെ ഐ.പി.സി യു.പി. വെസ്റ്റ് സോൺ മിഷൻ കോർഡിനേറ്ററായി നിയമിച്ചു എന്നൊരു വാർത്ത പെന്തക്കോസ്ത് പത്രങ്ങളിൽ കണ്ടു. ഇതിന്റെ വിശദാംശങ്ങൾ അന്വേഷിച്ചപ്പോഴാണ് കാര്യം പിടികിട്ടിയത്. പണ്ട് കത്തോലിക്കാസഭയിൽ നിലനിന്നിരുന്ന സിമണി പോലൊരു പരിപാടിയാണിത്. പണം മുടക്കാൻ തയ്യാറുള്ളവർക്ക് ഇങ്ങനെ ചില സ്ഥാനമാനങ്ങൾ ഐ.പി.സിയിൽ കിട്ടും. ചുരുക്കത്തിൽ ഐ.പി.സി മഹതിയാം ബാബിലോൺ ആയിക്കൊണ്ടിരിക്കുന്നു.

# ജാതിപറഞ്ഞും ആക്ഷേപം

എന്തോ കാരണത്താൽ അച്ചൻകുഞ്ഞിന് ഈയിടെയായി അനിൽ കൊടിത്തോട്ടം എന്ന എഴുത്തുകാരനോടു വിരോധമുണ്ട്. അതു മൂത്ത് വിവിധതരം ആക്ഷേപങ്ങളായി. ഒടുവിൽ സകല അതിരും ഭേദിച്ച്, ജാതി പറഞ്ഞും ആക്ഷേപിക്കുന്നു. അനിൽ കൊടിത്തോട്ടം അധ:കൃത ജാതിയിൽ പെട്ടവനാണെന്നും അതുകൊണ്ട് അനിലിനെ വളരാൻ അനുവദിക്കരുതെന്നുമാണ് അച്ചൻകുഞ്ഞ് പറയുന്നത്. ഇങ്ങനെ പരസ്യമായി എഴുതുകയോ പറയുകയോ ചെയ്താൽ കേസ്സാകുമെന്ന് അച്ചൻകുഞ്ഞിനറിയാം. അതുകൊണ്ട് വ്യക്തികളെ നേരിൽ കണ്ടും ഫോണിൽ വിളിച്ചുമാണ് പ്രചരണം. പക്ഷേ അച്ചൻകുഞ്ഞ് ഇങ്ങനെ പറഞ്ഞു എന്ന് സാക്ഷി പറയാൻ ആളുണ്ടായാൽ വകുപ്പു മാറും എന്നു തീർച്ച. ഏതായാലും ജാതിയുടെ പേരുപറഞ്ഞു നടത്തുന്ന ഈ അവഹേളനം അങ്ങേയറ്റം ഹീനമാണെന്നു വ്യക്തം.



# വിവരക്കേടു പറയാതെ കെ.സി.ജോണേ....

ഹാലേലൂയ്യാ ദ്വൈവാരികയിൽ ''കെ.സി.ജോൺ എഴുതുന്നു'' എന്നൊരു പംക്തി തുടങ്ങിയിട്ടുണ്ട്. സെപ്റ്റംബർ ഒന്ന് ലക്കത്തിലാണ് സംഭവം ആരംഭിച്ചത്. ''യുക്തിക്കപ്പുറത്തെ ദൈവീക വഴികൾ'' എന്നതാണ് ആദ്യ കുറിപ്പിന്റെ തലക്കെട്ട്. ആരെങ്കിലുമൊക്കെ ഹാലേലൂയ്യായിലേക്ക് അയയ്ക്കുന്ന ചോദ്യങ്ങൾക്ക് കെ.സി.ജോൺ മറുപടി പറയുന്നു എന്നാണ് സങ്കല്പം. ആദ്യത്തെ മറുപടി കണ്ടതോടെ ഒരു കാര്യം ഉറപ്പായി: ഡിഫെൻഡറിന് ഒരു പണികൂടിയായി.

ചോദ്യം ചോദിക്കുന്നതോ അതിനു മറുപടി പയുന്നതോ തെറ്റല്ല. പക്ഷേ 'അരിയെത്ര' എന്നു ചോദിച്ചാൽ 'പയറഞ്ഞാഴി' എന്നല്ല മറുപടി പറയേണ്ടത്. ചവർ ചാനലിൽ അവറാൻ ഇത്തരം ഒരു അഭ്യാസം കാണിക്കുന്നുണ്ട്. ആരെങ്കിലും അയച്ച ഒരു കത്ത് വായിക്കും. ഈ കത്തിൽ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾക്കുള്ള മറുപടി എന്ന നിലയിൽ എന്തെങ്കിലും ഒരു പ്രസംഗം നടത്തും. കത്തിൽ ഉന്നയിച്ച പ്രശ്നവുമായി പുലബന്ധംപോലും മറുപടി പ്രസംഗത്തിൽ ഉണ്ടായിരിക്കയില്ലേ. ഇതുതന്നെയാണ് കെ.സി.ജോണും ചെയ്തിരിക്കുന്നത്.

ചോദ്യം കൊടുത്തിട്ട് അതിനുള്ള മറുപടി പറയുകയാണ് എല്ലാവരും ചെയ്യുന്നത്. പക്ഷേ മഹാനായ കെ.സി.ജോൺ അങ്ങനെ ചെയ്യുന്നത് കുറച്ചിലല്ലേ. അതുകൊണ്ട് ഇയാൾ മറുപടി ആദ്യം പറഞ്ഞിട്ട് ഒടുവിൽ ചോദ്യം എന്തെന്നു പറയുന്നു. ചോദ്യം ആദ്യം എഴുതണമെന്ന് ഇന്ത്യൻ ഭരണഘടനയിൽ ഉണ്ടോ എന്നാകും ചോദ്യം. ഇല്ലേയില്ല.

ചോദ്യം ഇതാണ്:

''ഒരു വ്യക്തിയേയോ ഒരു സമൂഹത്തേയോ രക്ഷയിലേക്കു നയിക്കാൻ നേരിട്ടുള്ള ദൈവീക ഇടപെടൽ ഉണ്ടാകുമോ? ദൈവം എന്നോട് വേദപുസ്തകത്തിലെ ഇന്ന വാക്യം എടുത്തു വായിക്കാൻ പറഞ്ഞു, അങ്ങനെയാണ് രക്ഷിക്കപ്പെട്ടത് എന്ന് ഒരാൾ സാക്ഷ്യം പറയുന്നതു കേട്ടു. ഇത് ദൈവശാസ്ത്രപരമായി വിശ്വാസയോഗ്യമാണോ?'' കുമ്പഴയിൽ നിന്ന് ജോയി മാത്യു എന്നൊരാളാണ് ഈ ചോദ്യം ചോദിച്ചതെന്നും ഹാലേലൂയ്യായിലുണ്ട്.

നേരിട്ടുള്ള ദൈവീക ഇടപെടലുണ്ടായി എന്നു പലരും പറയുന്നതിന് ദൈവശാസ്ത്രപരമായ വിശദീകരണമാണ് ജോയി മാത്യു ചോദിച്ചത്. അതുകൊണ്ട് തിരുവചന വെളിച്ചത്തിൽ ഈ ചോദ്യത്തിനു മറുപടി പറയുകയായിരുന്നു കെ.സി.ജോൺ ചെയ്യേണ്ടിയിരുന്നത്. പക്ഷേ ഐ.പി.സിയുടെ പ്രസിഡന്റിന് ദൈവവചനത്തിൽ നിന്നു മറുപടി പറയാനുള്ള അറിവില്ല. അതുകൊണ്ട് കെ.സി ജോൺ ഉലകം ചുറ്റുന്നതിനിടയിൽ കണ്ടതും കേട്ടതുമായ ചില കാര്യങ്ങളാണ് മറുപടിയായി പറഞ്ഞത്. (കന്യാമറിയത്തെ ആരാധിക്കുന്നതു ശരിയാണോ എന്നു ചോദിച്ചാൽ പലരും കന്യാമറിയത്തെ ആരാധിക്കുന്നതു കണ്ടു എന്നാണോ പറയേണ്ടത്?)

ബീഹാറിലും നേപ്പാളിലും മറ്റും ഉണ്ടായതായി പറയപ്പെടുന്ന ചില സംഭവങ്ങളുടെ വെളിച്ചത്തിൽ ദൈവശാസ്ത്രം ഉണ്ടാക്കുകയല്ല മറിച്ച് ദൈവ വചന വെളിച്ചത്തിൽ ഇത്തരം അനുഭവങ്ങളെ വിലയിരുത്തുകയാണു ചെയ്യേണ്ടത്. പക്ഷേ വിവരംകെട്ട കെ.സി.ജോണിന് ഇതൊന്നും അറിഞ്ഞുകൂടാ. താൻ വലിയ സുവിശേഷകനാണെന്നും സുവിശേഷം അറിഞ്ഞിട്ടില്ലാത്ത ഉത്തരേന്ത്യൻ ഗ്രാമങ്ങളിലൊക്കെ സുവിശേഷവുമായി സഞ്ചരിച്ചിട്ടുണ്ടെന്നും പൊതുജനങ്ങളെ ധരിപ്പിക്കാനാണ് കെ.സി.ജോണിന്റെ ശ്രമം. അടുത്ത ഐ.പി.സി തെരഞ്ഞെടുപ്പു മുന്നിൽ കണ്ടാണ് ഈ ചോദ്യോത്തര പംക്തി തുടങ്ങിയത്. ആകയാൽ ഉത്തരങ്ങൾ ഇങ്ങനെയൊക്കെയിരിക്കും.

ജോയി മാത്യുവിന്റെ ചോദ്യത്തിന് തിരുവചന വെളിച്ചത്തിൽ എന്തു മറുപടി പറയാമെന്നുകൂടി വിശദീകരിച്ചിട്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

ഒരു വ്യക്തിയേയോ ഒരു സമൂഹത്തേയോ രക്ഷയിലേക്കു നയിക്കാൻ നേരിട്ടുള്ള ദൈവീക ഇടപെടൽ ഉണ്ടാകുമോ എന്നാണ് ജോയി മാത്യുവിന് അറിയേണ്ടത്. ഈ ചോദ്യത്തിനുള്ള ഉത്തരം ബൈബിളിലുണ്ട്.

പൗലോസിന്റെ മാനസാന്തരം ഒരു വ്യക്തിയെ രക്ഷയിലേക്കു നയിക്കാൻ നേരിട്ടുള്ള ദൈവീക ഇടപെടൽ ഉണ്ടാകും എന്നതിനു തെളിവാണ്. സുവിശേഷത്തിന്റെ ശത്രുവായി നടന്ന ശൗൽ മാനസാന്തരപ്പെട്ടത് ഏതെങ്കിലും മനുഷ്യൻ സുവിശേഷം പറഞ്ഞിട്ടല്ല. കർത്താവായ യേശുക്രിസ്തുവുമായി മുഖാമുഖമുണ്ടായ ഏറ്റുമുട്ടലാണ് ശൗലിന്റെ മാനസാന്തരത്തിനു കാരണമായത്. ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ ഭാഗങ്ങളെല്ലാം പൗലോസ് പഠിച്ചതും ദൈവത്തിൽ നിന്നു തന്നെയാണ്. പൗലോസ് പറയുന്നു: ''സഹോദരൻമാരേ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർമ്മിപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല, യേശുക്രിസ്തുവിന്റെ വെളിപ്പാടിനാൽ അത്രേ പ്രാപിച്ചത്.'' ഗലാ. 1: 11,12.

ഒരു ജനതയെ രക്ഷയിലേക്കു നയിക്കാൻ ദൈവീക ഇടപെടൽ ഉണ്ടായതിന്റെ തെളിവാണ് പ്രവൃ. 10ൽ കാണുന്നത്. ജാതികൾക്ക് രക്ഷയുടെ വാതിൽ തുറന്നു കൊടുക്കാൻ ദൈവം തീരുമാനിച്ചപ്പോൾ ഒരു ദൂതനെ കൊർന്നല്യോസിന്റെ അടുത്തേയ്ക്ക് അയച്ചു. പക്ഷേ ദൂതൻ സുവിശേഷം പറഞ്ഞില്ല. കാരണം, സുവിശേഷം പറയാനുള്ള അധികാരം രക്ഷിക്കപ്പെട്ട ദൈവമക്കൾക്കു മാത്രമേയുള്ളൂ. അതുകൊണ്ട് പത്രോസിനെ വരുത്തി പ്രസംഗം കേൾക്കാൻ പറഞ്ഞു.

നേരിട്ടുള്ള ദൈവീക ഇടപെടലുണ്ടായി എന്നും മറ്റും ചിലർ സാക്ഷ്യം പറയുന്നതിനേക്കുറിച്ചാണ് അടുത്ത ചോദ്യം. ഇക്കാലത്തും നേരിട്ടുള്ള ദൈവീക ഇടപെടലുണ്ടാകാം. പക്ഷേ പറഞ്ഞു കേൾക്കുന്ന സാക്ഷ്യങ്ങൾ അതേപടി വിശ്വസിക്കരുത്. ഇത്തരം സാക്ഷ്യങ്ങളിൽ ഭൂരിപക്ഷവും കള്ളമാണ്, ശുദ്ധ തട്ടിപ്പാണ്. ജോയി മാത്യുവിന്റെ എല്ലാ ചോദ്യങ്ങൾക്കും തിരുവചനത്തിൽ നിന്നുള്ള മറുപടി ലഭിച്ചു എന്ന് കരുതട്ടെ.

(ഹാലേലൂയ്യാ പത്രാധിപരുടെ ശ്രദ്ധക്ക്: കെ.സി.ജോൺ മുടി ഡൈ ചെയ്യുന്ന പരിപാടി നിർത്തി. അതുകൊണ്ട് പുതിയ ഫോട്ടോ കൊടുക്കുക).

# ഡിഫെൻഡർ മറുപടി പറയുന്നു

? ഐ.പി.സി എന്നത് ഒരു എവറസ്റ്റാണ്. അതിന്റെ മുളിലിരിക്കുന്ന കെ.സി.ജോണിനെ ഡിഫെൻഡറിന് ഒന്നും ചെയ്യാനാവില്ല. (ഗൾഫിൽ നിന്ന് ഒരു ഡോ)

■ ഐ.പി.സി എന്നത് എവറസ്റ്റാണെന്നത് പുതിയ അറിവാണ്. എ.ജി എന്നത് ഒരു മഹാസമുദ്രമാണെന്ന് കൊട്ടാരക്കരയിലുള്ള ഒരു വിഡ്ഢി പണ്ടു പറഞ്ഞിരുന്നു. പിന്നീട് അതിനു സമാനമായ ഒരു വിഡ്ഢിത്തം ഇപ്പോഴാണു കേൾക്കുന്നത്. അതിരുകടന്ന സംഘടനാസ്പിരിറ്റ് തലയ്ക്കു പിടിച്ചാൽ ഇത്തരം വിവരക്കേടുകൾ എഴുന്നെള്ളിക്കും.

ഒന്നാമതായി ഐ.പി.സി എവറസ്റ്റല്ല വെറുമൊരു ചിതൽപ്പുറ്റു മാത്രമാണ്. അതിനുള്ളിൽ ഒളിച്ചിരിക്കുന്ന ഒരു അണലിയാണ് കെ.സി.ജോൺ.

ഇന്ത്യയിൽ എത്രകോടി ജനങ്ങളുണ്ട്? കൃത്യമായ കണക്കറിഞ്ഞുകൂടാ. എങ്കിലും 115 കോടി എന്നിരിക്കട്ടെ. മൂന്നു ശതമാനത്തിൽ താഴെയാണ് ക്രിസ്ത്യാനികളുടെ ജനസംഖ്യ. അതുകൊണ്ട് ഏകദേശം മൂന്നുകോടി ക്രിസ്ത്യാനികൾ ഇന്ത്യയിൽ ഉണ്ടെന്നു പറയാം. കത്തോലിക്കർ മുതൽ യഹോവാസാക്ഷികൾ വരെയുള്ള എല്ലാവരും ചേർന്ന സംഖ്യയാണിത്. ഇവരിൽ എത്ര ഐ.പി.സിക്കാർ ഉണ്ടാകും? നാളിതുവരെ ആരും കൃത്യമായ കണക്കെടുത്തിട്ടില്ല.

ഐ.പിസിക്ക് ഇന്ത്യയിൽ എത്ര സഭ കാണും? ഏറ്റവും വലിയ നുണക്കണക്കനുസരിച്ച് 5000. കേരളത്തിലുള്ള ചില സഭകളിൽ 500-1000 വിശ്വാസികളൊക്കെയുണ്ടെന്നു പറയപ്പെടുന്നു. പക്ഷേ ഇന്ത്യ ഒട്ടുക്കുള്ള കണക്കെടുത്താൽ ശരാശരി 50 വിശ്വാസികൾ മാത്രമാകും ഒരു സഭയിലുണ്ടായിരിക്കുക. അങ്ങനെയെങ്കിൽ 2,50,000 വിശ്വാസികൾ, കൂടിയാൽ മൂന്നുലക്ഷം വിശ്വാസികൾ. അതായത്, ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ ഒരു ശതമാനം ആളുകൾ ഐ.പി.സിക്കാരാണ്. നാലായിരം ഇന്ത്യാക്കാരെ എടുത്താൽ അതിലൊരു ഐ.പി.സിക്കാരനുണ്ടാകും എന്നു ചുരുക്കം. ഇതാണോ എവറസ്റ്റ്.

ഇനി കെ.സി.ജോണിന്റെ കാര്യം. ഇന്നത്തെ ഐ.പി.സിക്ക് ഏറ്റവും അനുയോജ്യനായ ജനറൽ പ്രസിഡന്റാണ് കെ.സി. ജോൺ എന്നതിനു സംശയമില്ല. ഐ.പി.സിയിലെ ഭൂരിപക്ഷം വിശ്വാസികൾക്കും ശുശ്രൂഷകൻമാർക്കും ഐ.പി.സിയുടെ വിശ്വാസപ്രമാണം എന്താണെന്ന് അറിഞ്ഞുകൂടാ. അറിയാവുന്നവരിൽ നല്ലൊരുപങ്ക് വിശ്വസിക്കുന്നുമില്ല. മാർതോമ്മാസഭയും സി.എസ്.ഐ. സഭയും മറ്റും പോലെ ഐ.പി.സിയും ഒരു സമുദായം മാത്രം. സമുദായക്കാർ പള്ളിയിൽ പോകുന്നതുപോലെ ഐ.പി.സി അംഗങ്ങളും പള്ളിയിൽ പോകുന്നു. സമുദായത്തിൽ അച്ചനുള്ളതുപോലെ ഐ.പി.സിയിലും റവകളുണ്ട്. അങ്ങനെ വെറുമൊരു സമുദായമായി ഐ.പി.സി അധ:പതിച്ചുകഴിഞ്ഞു. എല്ലാ പെന്തക്കോസ്തുപ്രസ്ഥാനങ്ങളുടേയും സ്ഥിതി ഇതുതന്നെ. പക്ഷേ ചോദ്യം ഐ.പി.സിയേക്കുറിച്ചായതുകൊണ്ട് ഐ.പി.സിയെ പേരെടുത്തു പറയുന്നു എന്നു മാത്രം. ഇത്രത്തോളം അധ:പതിച്ച ഒരു പ്രസ്ഥാനത്തിന് കെ.സി.ജോണിനേപ്പോലുള്ളവരെയാണ് പ്രസിഡന്റായി ലഭിക്കേണ്ടത്. കാരണം, ദൈവദാസൻമാർക്ക് ഇരിക്കാൻ കൊള്ളുന്ന കസേരയല്ല ഐ.പി.സി പ്രസിഡന്റിന്റേത്.

എല്ലാ പെന്തക്കോസ്ത് സംഘടനകളും തകരണമെന്നും വിശ്വാസി, പ്രാദേശികസഭ, ആകമാന സഭ എന്നിവ മാത്രം നിലനിൽക്കണമെന്നുമാണ് ഡിഫെൻഡറിന്റെ ആഗ്രഹം. പക്ഷേ അത് വെറും വ്യാമോഹമായി അവശേഷിക്കയേയുള്ളൂ എന്ന് ഡിഫെൻഡറിനറിയാം. കാരണം, ഐ.പി.സിയേയോ ഏതെങ്കിലും പെന്തക്കോസ്ത് സംഘടനയേയോ തകർക്കാനുള്ള ശക്തി ഡിഫെൻഡറിനില്ല. എങ്കിലും ഈ സംഘടനകളെല്ലാം മനുഷ്യനിർമ്മിതമാണെന്നും ഇവയൊന്നും ദൈവീക പദ്ധതിയിലില്ലെന്നും ഉള്ള വസ്തുതയ്ക്ക് ഡിഫെൻഡർ കഴിയുന്നത്ര പ്രചരണം നൽകും. കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ. ചെവിയില്ലാത്തവൻ കേൾക്കാതിരിക്കട്ടെ.

അടുത്തത് കെ.സി.ജോണിനെ തകർക്കുന്ന കാര്യമാണ്. കെ.സി.ജോണിനേപ്പോലുള്ള വ്യഭിചാരികൾ പെന്തക്കോസ്ത് സംഘടനകളുടെ തലപ്പത്തെത്തുന്നത് അങ്ങേയറ്റം അപകടകരമായ കാര്യമാണ്. പക്ഷേ കള്ള നാണയങ്ങൾ നല്ല നാണയങ്ങളെ പുറത്താക്കും എന്നാണല്ലോ ശാസ്ത്രം പറയുന്നത്. ചക്കരവാക്കു പറഞ്ഞ് ജനങ്ങളെ വശീകരിക്കാനും വോട്ടുനേടാനും കഴിവുള്ളവർ ഐ.പി.സിയുടെ നേതൃത്വത്തിലെത്തും. കെ.സി.ജോൺ ഐ.പി.സിയുടെ പ്രസിഡന്റായതുതന്നെ നല്ല ഉദാഹരണം. കെ.സി.ജോൺ എത്ര വലിയ പാപിയാണെങ്കിലും അയാളെ യോഗത്തിനു വിളിക്കാനും പണം കൊടുത്ത് ആദരിക്കാനും ആളുണ്ടാകും. അതുകൊണ്ട് കെ.സി.ജോണിനെ തകർക്കാനും പറ്റില്ല. പക്ഷേ ഡിഫെൻഡറിനു സത്യം പറയാതിരിക്കാനാവില്ല. പ്രവാചകൻമാർ എല്ലാ കാലത്തും ഇങ്ങനെ സത്യം തുറന്നു പറഞ്ഞിരുന്നു.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒറിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9447414608 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# എം.എ. വർഗീസിന്റെ തനിനിറം വെളിപ്പെട്ടു



അടുത്തുകൂടാത്ത വിശുദ്ധിയിൽ വസിക്കുന്ന എം.എ. വർഗീസ് എന്ന പരമ പുണ്യാളന്റെ തനിനിറം ഇതാ വെളിപ്പെട്ടിരിക്കുന്നു. ദൈവവേലയുടെ മറവിൽ ഉലക പര്യടനം നടത്തി സഭക്കുവേണ്ടിയെന്നു പറഞ്ഞ് ഇയാൾ സ്വന്തം പേരിൽ സമ്പാദ്യമുണ്ടാക്കുകയായിരുന്നു.

ഒരു ഡിഗ്രിപോലുമില്ലാത്ത ഇയാൾ ശാസ്ത്രജ്ഞനായിരുന്നു എന്നത്രേ അവകാശപ്പെടുന്നത്. ചില ക്രമക്കേടുകളുടെ പേരിൽ ഇയാളെ ജോലിയിൽ നിന്നു പിരിച്ചു വിട്ടതാണെങ്കിലും സുവിശേഷവേലയ്ക്കുവേണ്ടി ജോലി രാജിവച്ചു എന്നാണ് പ്രചരിപ്പിക്കുന്നത്. പെന്തക്കോസ്തിൽ കയറിപ്പറ്റിയ ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, വിശുദ്ധ ചിരി, വിശുദ്ധ കുര തുടങ്ങിയതെല്ലാം ഇയാളുടെ സഭയിലാണ് ആരംഭിച്ചത്.

വ്യാജ വാഗ്ദാനങ്ങൾ നൽകിയും അത്ഭുതമെന്ന പേരിൽ പച്ചക്കള്ളം പറഞ്ഞും ഇയാൾ നിരവധി സാധുക്കളെ കബളിപ്പിച്ചു. അത്ഭുതങ്ങളുടെ വിളനിലമായി ഇയാൾ അറിയപ്പെട്ടത് ഈ വിധത്തിലാണ്. ഭൂരിപക്ഷം പെന്തക്കോസ്തുകാർക്കും വിവരമില്ലാത്തതുകൊണ്ട് ജനവഞ്ചന നടത്താൻ ഇയാൾക്കു ബുദ്ധിമുട്ടുണ്ടായില്ല.

പലനാൾ കള്ളൻ ഒരു നാൾ പിടിപെടും എന്നു പറഞ്ഞതുപോലെ എം.എ.വർഗീസ് എന്ന കള്ളൻ ഇപ്പോൾ പിടിക്കപ്പെട്ടിരിക്കയാണ്. അൻപതുകോടിയോളം രൂപ വിലവരുന്ന വസ്തുവകകളാണ് ഇയാൾ തട്ടിയെടുക്കാൻ ശ്രമിക്കുന്നത്. എല്ലാ പഴിയും കന്നടക്കാരുടെമേൽ കെട്ടിവയ്ക്കാൻ ശ്രമിക്കുമ്പോൾ ഇയാളോടൊപ്പം നിഴൽ പോലെ നിന്ന അനിസനും മനു മേനോനും മറ്റും ഇയാളെ വിട്ടുപോയതെങ്ങനെ എന്നതിന് വിശദീകരണമില്ല. എം.എ.വർഗീസ് കള്ളനാണെന്ന് ഡിഫെൻഡർ എഴുതിയപ്പോൾ വിശ്വസിക്കാത്തവർ ഇപ്പോഴെങ്കിലും വസ്തുതകൾ മനസ്സിലാക്കിയാൽ നന്ന്.

# ഒറീസ്സാ പിരിവ് സൂക്ഷിക്കുക

കഴിഞ്ഞ ചില ആഴ്ചകളായി ഒറീസ്സയിൽ നടമാടിയ നരനായാട്ടിന് ഏറെക്കുറെ ശമനം വന്നിരിക്കയാണ്. കഷ്ടത അനുഭവിക്കുന്ന ദൈവജനത്തെ സഹായിക്കാനുള്ള കടപ്പാട് നമുക്കുണ്ടെന്നതും ശരി തന്നെ. പക്ഷേ ഒറീസ്സാ പ്രശ്നത്തിന്റെ പേരുപറഞ്ഞ് പല സംഘടനകളും വ്യക്തികളും പിരിവു നടത്താൻ പദ്ധതിയിടുന്നുണ്ട്. ചിലർ തുടങ്ങിക്കഴിഞ്ഞു. ആകയാൽ ദൈവജനം സൂക്ഷിക്കുക. നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയ പണം തട്ടിപ്പുകാർക്കു കൊടുത്ത് വിഡ്ഢികളാകരുത്. നിങ്ങൾ നൽകുന്ന പണത്തിന് രസീത് ചോദിച്ചു വാങ്ങണം. പിരിച്ചെടുക്കുന്ന പണം ഏതുവിധത്തിൽ വിനിയോഗിക്കുന്നു എന്ന് അന്വേഷിക്കണം. ദുർവിനിയോഗം ചെയ്താൽ പോലീസിൽ പരാതിപ്പെടണം.




## പരിശുദ്ധാത്മാവിനെ വിധവ വിറ്റെന്ന് കെ.എ.ഏബ്രഹാം

പരിശുദ്ധാത്മാവിനെ വാങ്ങാനും വിൽക്കാനും സാധിക്കുമോ? ഇല്ലെന്നു തീർച്ച. പക്ഷേ വിധവ പരിശുദ്ധാത്മാവിനെ വിറ്റെന്നു കെ.എ.ഏബ്രഹാം കണ്ടുപിടിച്ചിരിക്കുന്നു. കടം വീട്ടാനായി എലീശ പ്രവാചകന്റെ നിർദ്ദേശപ്രകാരം എണ്ണ പാത്രത്തിലേക്കു പകർന്ന വിധവയാണ് ഈ കച്ചവടം നടത്തിയത്.

അവറാൻ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്. സ്ത്രീയും കുട്ടികളും കൂടി എണ്ണ പകർന്നു എന്നൊക്കെ പറയുന്നത് വിശ്വസനീയമായ കഥയല്ല. യഥാർത്ഥത്തിൽ അതല്ല നടന്നത്. കുട്ടികൾ വായ്പ വാങ്ങിക്കൊണ്ടുവന്ന പാത്രങ്ങൾ അവിശ്വാസികളായ വ്യക്തികളാണ്. അവരിൽ അല്പംപോലും എണ്ണമയമില്ല. എണ്ണ എന്നത് പരിശുദ്ധാത്മാവാണ്. എണ്ണ പകർന്നു എന്നു പറഞ്ഞാൽ സുവിശേഷവേല ചെയ്തു എന്നർത്ഥം. സുവിശേഷം പറഞ്ഞപ്പോൾ അവർ വിശ്വസിച്ചു. അങ്ങനെ അവരുടെയുള്ളിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ ഉണ്ടായി. കടം വീട്ടാനായി ആ സ്ത്രീ വിറ്റത് പരിശുദ്ധാത്മാവാകുന്ന ഈ എണ്ണയാണത്രേ.

അല്പംപോലും എണ്ണയില്ലാത്ത, അവിശ്വാസികളായ, പാത്രങ്ങളിൽ അല്പസമയത്തേക്ക് പരിശുദ്ധാത്മാവിനെ പകർന്നിട്ട് വിറ്റു. വായ്പ വാങ്ങിയ പാത്രങ്ങളായതുകൊണ്ട് തിരിച്ചു കൊടുത്തുകാണും. മാനസാന്തരപ്പെട്ട ഈ പാത്രങ്ങളിൽ ഇപ്പോൾ അല്പം എണ്ണമയം മാത്രം മിച്ചം കാണുമായിരിക്കാം. ബാക്കിയൊക്കെ വിധവ തിരിച്ചെടുത്തു.

പരിശുദ്ധാത്മാവാകുന്ന ഈ എണ്ണ ആരാണാവോ വില കൊടുത്തു വാങ്ങിയത്? ആരായാലും അയാൾ ഭാഗ്യവാൻ. യാതൊരുവിധ മാനസാന്തരവും കൂടാതെ പരിശുദ്ധാത്മാവിനെ കിട്ടിയല്ലോ. യൂദാ യേശുവിനെ വിറ്റു. വിധവ പരിശുദ്ധാത്മാവിനെ വിറ്റ് കടം വീട്ടി. ബാക്കിയുള്ളതുകൊണ്ട് ഉപജീവനം കഴിക്കയും ചെയ്തു. വ്യാഖ്യാനം ഉഗ്രൻ. കെ.എ.ഏബ്രഹാമിനേപ്പോലുള്ളവർ സുവിശേഷത്തെ വില്പനച്ചരക്കാക്കുന്നതിന്റെ ഗുട്ടൻസ് ഇപ്പോഴാണു പിടികിട്ടിയത്.

## എൻ.ജി.രാജുവിന് മിണ്ടാട്ടമില്ല

ദുർന്നടപ്പിന്റെ അവതാരമായ എൻ.ജി.രാജുവിന് ഇപ്പോൾ മിണ്ടാട്ടമില്ല. മാനനഷ്ട ക്കേസ്സ് കൊടുക്കും എന്നും മറ്റും ഭീഷണിപ്പെടുത്തി നടക്കുകയായിരുന്നു ഈ ചങ്ങാതി. പക്ഷേ മാനമുള്ളവർക്കേ മാനനഷ്ടമുണ്ടാകൂ എന്ന് വളരെ വൈകിയാണ് എൻ.ജി.രാജു മനസ്സിലാക്കിയത്.

രാജുവിന്റെ വീരശൂര പരാക്രങ്ങൾ ഡിഫെൻഡർ വിവരിച്ചെഴുതി. ഇനിയും എഴുതുകയും ചെയ്യും. ഇയാളുടെ ഭാര്യ തൃശൂരിൽ കാട്ടിക്കൂട്ടിയതും മകൾ ബാബു ജോർജിന്റെ മന്ദിരത്തിൽ ആയിരുന്നപ്പോൾ എന്തൊക്കെയോ സംഭവിച്ചതും ആശുപത്രിയിലായതും എഴുതി. എന്നിട്ടും മാനനഷ്ടമുണ്ടായില്ല. എന്തു പറ്റി ഇഷ്ടാ? എൻ.ജി. രാജുവിനോടു ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: അല്പമെങ്കിലും മാനമുണ്ടെങ്കിൽ നിങ്ങൾ മാനനഷ്ട ക്കേസ്സ് കൊടുക്കണം.

# തോമസ് വടക്കേക്കുറ്റ് എഴുതിക്കൊടുത്തതെന്ത്?

റാലിക്കെതിരേയും ന്യൂജനറേഷൻ സഭകൾക്ക് ഐ.പി.സിയിൽ അംഗത്വം നൽകുന്നതിനെതിരേയും തോമസ് വടക്കേക്കുറ്റ് നടത്തിയ എല്ലാ പ്രസ്താവനകളും പിൻവലിച്ച് മാപ്പുപറഞ്ഞ് കെ.സി.ജോണിനു കത്തുകൊടുത്തെന്നും അതിനുശേഷം പി.സി.ഐയുടെ നേതൃത്വത്തിൽ ആദരിച്ചെന്നും മറ്റും കെ.സി.ജോൺ വ്യാപകമായ പ്രചരണം നടത്തിവരുന്നു. ഭൂരിപക്ഷം ഐ.പി.സിക്കാരേയുംപോലെ വടക്കേക്കുറ്റും സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കാൻ ഇടയുള്ളതിനാൽ ഈ വാർത്ത തികച്ചും സത്യമാണെന്നത്രേ ഡിഫെൻഡർ കരുതിയത്. പക്ഷേ കുടുതൽ അന്വേഷണം നടത്തിയപ്പോൾ കെ.സി. ജോൺ പറയുന്നതു ശുദ്ധ ഭോഷ്ക്കാണെന്നു വ്യക്തമായി. വടക്കേക്കുറ്റ് ഇംഗ്ലീഷിൽ എഴുതിക്കൊടുത്ത കത്തിന്റെ ഏകദേശ തർജ്ജമ ഇതാണ്:

''ഡിസംബർ 21ന് തിരുവന്തപുരത്തു നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള റാലിയുമായി ബന്ധപ്പെട്ട് നമ്മൾ നടത്തിയ പ്രാരംഭ മീറ്റിംഗിൽ വിഷയം വിശദമായി ചർച്ച ചെയ്യുകയും ഭാരവാഹികളായി ചിലരെ നാമനിർദ്ദേശം ചെയ്യുകയുമുണ്ടായല്ലോ. അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ടവരിൽ ഒരാളാണു ഞാൻ. എന്നെ ഉൾപ്പെടുത്തിയതിൽ നന്ദിയുണ്ട്. ഈ വിഷയത്തേക്കുറിച്ച് പിന്നീട് പി.സി.ഐ വിശദമായി ചർച്ച നടത്തുകയും പി.സി.ഐ ഔദ്യോഗികമായി ഈ പരിപാടിയിൽ പങ്കെടുക്കേണ്ടതില്ല എന്നു തീരുമാനിക്കയും ചെയ്തു. എന്നാൽ പി.സി.ഐയിലെ അംഗങ്ങൾക്ക് സ്വന്ത ഇഷ്ടപ്രകാരം പങ്കെടുക്കുന്നതിനു തടസ്സമില്ല. ഈ വിഷയത്തിൽ താങ്കൾക്കുണ്ടായിരിക്കുന്ന അസൗകര്യത്തിൽ ഖേദിക്കുന്നു''.

കെ.സി.ജോൺ പ്രചരിപ്പിക്കുന്നതുപോലെയുള്ള ക്ഷമാപണക്കത്തല്ല ഇതെന്നു വ്യക്തമാണല്ലോ. റാലിയുടെ ഔദ്യോഗിക ഭാരവാഹി ആയതിനുശേഷം പി.സി.ഐ തീരുമാനമനുസരിച്ചു വടക്കേക്കുറ്റ് വിട്ടുനിൽക്കാൻ തീരുമാനിച്ചതുമൂലം ഉണ്ടായ അസൗകര്യത്തിൽ ഖേദിക്കുന്നു എന്നാണ് എഴുതിയിരിക്കുന്നത്. കെ.സി.ജോണിന്റെ കാലു പിടിക്കുന്ന കത്തല്ല ഇതെന്നു ചുരുക്കം. ഇത്തരം ഒരു കത്തു കൊടുത്ത് കെ.സി.ജോണിനെ മീറ്റിംഗിന് എഴുന്നെള്ളിച്ചു കൊണ്ടുവന്നതു പോലും തെറ്റാണെങ്കിലും കെ.സി.ജോൺ പറയുന്നതുപോലെയല്ല കത്തിലുള്ളതെന്നു വായനക്കാർ മനസ്സിലാക്കണം.

# കെ.സി.ജോൺ പ്രസംഗിച്ചു ഷാർജയിൽ ഭൂമി കുലുങ്ങി

സെപ്റ്റംബർ 9,10,11 തീയതികളിൽ ഷാർജ ഐ.പി.സിയിൽ കെ.സി.ജോൺ പ്രസംഗിച്ചു. 10-ാം തീയതി പകൽ ഭൂമി കുലുങ്ങി. ഈ രണ്ടു സംഭവങ്ങളും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ശാസ്ത്രജ്ഞർ ദയവായി അന്വേഷിക്കണം.

ഭൂമിയിൽ പാപികൾ പെരുകുമ്പോൾ ഭൂമിക്കു ഭാരം വർദ്ധിക്കും എന്നൊരു വിശ്വാസമുണ്ട്. പക്ഷേ ഈ വിശ്വാസത്തിനു ശാസ്ത്രീയ അടിത്തറയില്ല. എങ്കിലും മഹാപാപിയായ കെ.സി.ജോൺ ഒരു ദിവസം പ്രസംഗിച്ചപ്പോൾ ഭൂമി കുലുങ്ങിയത് ഈ നീചന്റെ ഭാരം താങ്ങാനാവാത്തതുമൂലമാകാൻ ഇടയുണ്ട്. ആകയാൽ വിശദമായ ഒരു ഗവേഷണപഠനം നടത്തുന്നത് എന്തുകൊണ്ടും നല്ലതാണ്. അടുത്ത നൊബേൽ സമ്മാനം കിട്ടാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല.

# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. മുൻകൂർ ബുക്ക് ചെയ്തവർക്കെല്ലാം പുസ്തകം അയച്ചുകഴിഞ്ഞു. ആർക്കെങ്കിലും പുസ്തകം ലഭിച്ചിട്ടില്ലെങ്കിൽ 9447414608 എന്ന നമ്പറിൽ വിളിച്ച് വിവരം അറിയിക്കുക.

കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്. വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:
ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.
പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC,**
**Perumbavoor P.O., Ernakulam Dist. Pin. 683542.**
**Phone: 0484-3232356. Mob: 9447414608.**

# കെ.സി.ജോൺ ശുനകനാകുന്നതെങ്ങനെ?

ശുനകൻ എന്നാൽ പട്ടി എന്നർത്ഥം. പക്ഷേ പട്ടി എന്നു വിളിക്കുന്നത് മഹാമോശം. അതുകൊണ്ട് സംഗതി ഗീർവാണത്തിലാകട്ടെ എന്നു തീരുമാനിക്കയാണ്. കൗലടേയൻ എന്നു പറയുന്നത് തെറ്റല്ല. കാരണം അത് നാം ഉപയോഗിക്കുന്ന ബൈബിളിലുള്ള വാക്കാണ്. പക്ഷേ അതിന്റെ പച്ചമലയാളമായ 'തന്തക്കു പിറക്കാത്തവൻ' എന്നു പറഞ്ഞാൽ മഹാപാപമായി. പൊന്നു മാളോരേ, കൗടലേയൻ എന്നു മലയാളത്തിൽ തർജ്ജമ ചെയ്തിരിക്കുന്ന നോത്തോസ് എന്ന ഗ്രീക്ക് വാക്കിന് തന്തക്കു പിറക്കാത്തവൻ എന്നുതന്നെയാണ് അർത്ഥം. കെ.സി.ജോണിനെ പട്ടി എന്നു ഡിഫെൻഡർ വിളിച്ചതു ശരിയായ നടപടിയാണോ എന്ന് സംശയിക്കുന്നവരുടെ അറിവിലേക്കായി പറയട്ടെ, കെ.സി.ജോണിന് ഇതിൽ അധികം യോജിക്കുന്ന ഒരു വിശേഷണമില്ല.

കെ.സി.ജോൺ എല്ലാ അർത്ഥത്തിലും പട്ടിയാണ് എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. കാരണം, കെ.സി.ജോൺ നാലു കാലും വാലുമുള്ള സാക്ഷാൽ പട്ടിയല്ല. കർത്താവായ യേശുക്രിസ്തു ഹേരോദാവിനെ കുറുക്കൻ എന്നു വിളിച്ചത് അയാൾക്ക് നാലുകാലും വാലും ഉള്ളതുകൊണ്ടായിരുന്നില്ലല്ലോ. ഹേരോദാവിനെ കുറുക്കനെന്നു വിളിക്കുന്നത് ഏത് അർത്ഥത്തിലാണോ അതേ അർത്ഥത്തിൽ കെ.സി.ജോൺ പട്ടിയാണ്.

പരീശൻമാരും ശാസ്ത്രിമാരും മറ്റും സർപ്പസന്തതികളാണെന്ന് യോഹന്നാൻ സ്നാപകനും കർത്താവും പറഞ്ഞു. ഇവർ പാമ്പിനേപ്പോലെ ഇഴഞ്ഞു നടക്കുകയായിരുന്നു എന്നാണോ ഇതിന്റെ അർത്ഥം? പിൻമാറ്റക്കാരെ പത്രോസ് വിളിക്കുന്നത് പട്ടി, പന്നി എന്നൊക്കെയാണ്. എന്തുകൊണ്ടാണ് ഇവരെ പത്രോസ് അങ്ങനെ വിളിക്കുന്നത്? സ്വന്തം ഛർദ്ദി തിന്നാൻ പട്ടിക്കു മടിയില്ല. കുളിച്ചിട്ട് വീണ്ടും ചേറിൽ ഉരുളാൻ പന്നിക്കു സന്തോഷമേയുള്ളൂ. പിൻമാറ്റക്കാരും ഇങ്ങനെതന്നെ. കെ.സി.ജോൺ പട്ടിയാകുന്നത് ഈ വിധത്തിലാണ്.

നിരവധി നല്ല ഗുണങ്ങളുള്ള ജീവിയാണ് പട്ടി. ഏറ്റവും നന്ദിയുള്ള മൃഗം പട്ടിയാണ് എന്നതിനു സംശയമില്ല. സ്വന്തം യജമാനനോട് ഇത്ര സ്നേഹമുള്ള മറ്റൊരു മൃഗമില്ല. പക്ഷേ ഒരാളെ പട്ടി എന്നു വിളിക്കുമ്പോൾ ഇതൊന്നുമല്ല അർത്ഥമാക്കുന്നത്. പത്രോസ് പറയുന്നതുപോലെ സ്വന്തം ഛർദ്ദി തിന്നാൻ പോലും മടിയില്ലാത്ത വൃത്തിഹീനൻ എന്ന അർത്ഥം 'പട്ടി' എന്ന വിളിയിലുണ്ട്. രക്ഷിക്കപ്പെട്ടവനാണ് എന്നു പറയുകയും ലോകജാതികൾ പോലും ചെയ്യാൻ അറയ്ക്കുന്ന ഹീനകൃത്യങ്ങൾ ചെയ്യാൻ മടിക്കാതിരിക്കയും ചെയ്യുന്നവൻ എന്ന അർത്ഥത്തിൽ കെ.സി.ജോൺ പട്ടിയാണ്.

മറ്റൊരർത്ഥത്തിലും കെ.സി.ജോണിനെ പട്ടി എന്നു വിളിക്കാം. പ്രായം എത്രയായാലും കന്നിമാസമാകുമ്പോൾ പട്ടി അതിന്റെ ജൻമസിദ്ധമായ വാസന പ്രകടമാക്കും. വയസ്സ് 61 ആയെന്ന് കെ.സി.ജോൺതന്നെ സമ്മതിക്കുന്നു. പക്ഷേ സ്വന്തം മകളുടെ പ്രായംപോലുമില്ലാത്തവരോടൊത്തുപോലും കാമകേളിയാടാൻ ഈ നീചനു മടിയില്ല. ഇവനെ പട്ടിയെന്നല്ലാതെ എന്തു വിളിക്കും? പക്ഷേ ഒരു കാര്യത്തിൽ പട്ടികൾ കെ.സി.ജോണിനേക്കാൾ മാന്യരാണ്: പട്ടികളേക്കൊണ്ടുള്ള ശല്യം കന്നിമാസത്തിൽ മാത്രമേയുള്ളൂ. പക്ഷേ കെ.സി.ജോണെന്ന ശുനകന് 12 മാസവും കന്നിമാസമാണ്. അതുകൊണ്ടാണ് 12 പട്ടി സമം ഒരു കെ.സി.ജോൺ എന്നു ഡിഫെൻഡർ പറഞ്ഞത്.

ഇങ്ങനെയൊക്കെ പറയാമോ എന്നാണ് ചിലർക്കു സംശയം. ദൈവവചനം പഠിച്ചാൽ ഈ ചോദ്യത്തിനുള്ള ഉത്തരം ലഭിക്കും. ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക് ഭാരതീയ സംസ്ക്കാരം ഉണ്ടാകുക സ്വാഭാവികം. ഭാരതീയ സംസ്ക്കാരത്തിലെ ഭക്തൻ മൃദുഭാഷിയാണ്, വിനയാന്വിതനാണ്, പഴങ്കഞ്ഞികുടിയനാണ്. സർപ്പസന്തതി എന്ന് വിളിക്കുന്നതുപോയിട്ട് മനസ്സിൽ ചിന്തിക്കാൻ പോലും കഴിയാത്തവനാണ്. ഇന്ത്യയിലെ വിവിധ ഭാഷകളിൽ മിശിഹാചരിത്രം സിനിമയാക്കിയിട്ടുണ്ട്. ഈ സിനിമകളിലെ യേശു ഇത്തരത്തിലുള്ള പരമ പുണ്യാളനാണ്. പക്ഷേ പാശ്ചാത്യനാടുകളിൽ നിർമ്മിക്കപ്പെട്ട ഫിലിമുകളിലെ യേശു ഈ വിധത്തിലുള്ളതല്ല. അതാണ് ബൈബിളിലെ യേശു. പരീശൻമാരേയും ശാസ്ത്രിമാരേയും സർപ്പസന്തതികളെന്നു വിളിക്കുന്ന യേശു, ഹേരോദാവിനെ കുറുക്കനെന്നു വിളിക്കുന്ന യേശു, ചാട്ടയുമായി ദേവാലയത്തിലെത്തി മേശകളും മറ്റും മറിച്ചിടുന്ന ചുണയുള്ള യേശു. ബൈബിൾ വായിച്ചാൽ ഉറക്കംതൂങ്ങിയായ യേശുവിനെ കണ്ടെത്താനാവില്ല.

ഇത്രയുമൊക്കെ പറയുമ്പോൾ 'യേശു ദൈവമല്ലേ, അതുപോലെയാണോ നമ്മള്' എന്നാകും ചോദ്യം. യേശു ദൈവമാണെന്നതും നാം ദൈവമല്ലെന്നതും ശരിതന്നെ. പക്ഷേ പരിശുദ്ധനായ യേശുവിന് സർപ്പസന്തതിയെന്നും കുറുക്കനെന്നും മറ്റും വിളിക്കാമെങ്കിൽ നമുക്കും വിളിക്കാം. അതു പാപമല്ല.

പൗലോസ് ചെയ്തതു തന്നെ നല്ല ഉദാഹരണം. ''ഹേ! സകല കപടവും സകല ധൂർത്തും നിറഞ്ഞവനേ, പിശാചിന്റെ മകനേ, സർവ്വ നീതിയുടെയും ശത്രുവേ, കർത്താവിന്റെ നേർവഴികളെ മറിച്ചുകളയുന്നത് നീ മതിയാക്കുകയില്ലയോ?'' എന്നാണ് എലിമാസിനോടു പൗലോസ് ചോദിക്കുന്നത്. (പ്രവൃ. 13:10). പൗലോസ് ഇങ്ങനെ പറഞ്ഞത് പരിശുദ്ധാത്മപൂർണ്ണനായാണെന്ന് 9-ാം വാക്യത്തിൽ പറയുന്നുമുണ്ട്. പരിശുദ്ധാത്മപൂർണ്ണരാകുമ്പോൾ ദൈവദാസൻമാർ ഇങ്ങനെയൊക്കെ പറഞ്ഞുപോകും. ഹേരോദാവിനെ കുറുക്കനെന്നു വിളിച്ച യേശുവിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ് എന്നതുതന്നെ കാരണം. മുൻവിധികൾ മാറ്റിവച്ച് ദൈവ വചനം വസ്തുനിഷ്ഠമായി പഠിക്കാൻ തയ്യാറായാൽ കെ.സി.ജോൺ ആത്മീയാർത്ഥത്തിൽ പട്ടിയാണെന്നു വ്യക്തമാകും.

നാല്പതിൽ അധികം വർഷമായി ശുശ്രൂഷ ആരംഭിച്ചിട്ട് എന്നത്രേ കെ.സി.ജോൺ പറയുന്നത്. പക്ഷേ കെ.സി.ജോൺ വ്യഭിചാരം തുടങ്ങിയിട്ട് അതിലും കൂടുതൽ വർഷമായി. ഇന്നും അതു തുടരുന്നു. പ്രായം മറച്ചുവയ്ക്കാൻ മുടി ഡൈ ചെയ്തു നടന്നായിരുന്നു ഇതുവരെ വ്യഭിചാരം. പക്ഷേ ഇപ്പോൾ ഡൈ ചെയ്യുന്നതു നിർത്തിയിരിക്കുന്നു എന്നതു മാത്രമാണ് വ്യത്യാസം. അത് ഒരു വ്യത്യാസമായി ഡിഫെൻഡറിനു തോന്നുന്നുമില്ല.

കെ.സി.ജോണിനെ പട്ടിയെന്നു വിളിക്കുമ്പോൾ പലർക്കും മന:പ്രയാസം തോന്നുന്നതിന് മറ്റൊരു കാരണംകൂടിയുണ്ട്. പെന്തക്കോസ്ത് വിശ്വാസികളിൽ ഭൂരിപക്ഷവും ഇതര ക്രൈസ്തവ സമുദായങ്ങളിൽ നിന്നു പെന്തക്കോസ്തിൽ എത്തിയവരാണ്. സഭാനേതാക്കൻമാരായ മെത്രാൻമാരെ തിരുമേനിമാരായി കണക്കാക്കുന്നവരാണ് സമുദായക്കാർ. മരിച്ചുപോയ തിരുമേനിമാരെ ദൈവതുല്യരായി പരിഗണിക്കുന്ന സമുദായങ്ങളുമുണ്ട്. സഭാനേതാവിനെ പരിശുദ്ധൻ എന്നു വിളിക്കാൻ അവർക്കു മടിയില്ല. ഇത്തരത്തിലുള്ള പാരമ്പര്യങ്ങൾ രക്തത്തിലുള്ളവർക്ക് സഭാനേതാവിനെ പട്ടിയെന്നു വിളിക്കുന്നത് ചിന്തിക്കാൻപോലുമാകില്ല. പക്ഷേ സമുദായക്കാരുടെ പാരമ്പര്യമല്ല ദൈവവചനമാണ് ഡിഫെൻഡറിന്റെ ആധാരം. അതുകൊണ്ട് പട്ടിയെ പട്ടിയെന്നും പന്നിയെ പന്നിയെന്നും ഡിഫെൻഡർ വിളിക്കും.

ഐ.പി.സിയുടെ പ്രസിഡന്റ് എന്തായിരിക്കരുതോ അതാണ് കെ.സി.ജോൺ. ഇയാളേപ്പോലുള്ളവർ ലോക്കൽ സഭയുടെ പാസ്റ്റർപോലും ആയിരിക്കാൻ പാടില്ല. പക്ഷേ ഡിഫെൻഡർ എന്തൊക്കെ പറഞ്ഞാലും കെ.സി.ജോൺ അടുത്ത തെരഞ്ഞെടുപ്പിലും വിജയിക്കും, പ്രസിഡന്റാകും. കാരണം, ഐ.പി.സി അത്രക്ക് അധ:പതിച്ചിരിക്കുന്നു. അതുകൊണ്ട് ഐ.പി.സിക്ക് യോജിച്ച പ്രസിഡന്റിനെത്തന്നെ തുടർന്നും ലഭിക്കും.


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൺഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മേല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

# അച്ചൻകുഞ്ഞ് ഇലന്തൂർ അപകടകാരി

അച്ചൻകുഞ്ഞ് ഇലന്തൂർ അപകടകാരിയാണെന്നു പറഞ്ഞാൽ മിക്കവർക്കും വിശ്വാസം വരില്ലെങ്കിലും സംഗതി സത്യമാണ്. തന്റെ തനിസ്വരൂപം പൊതുജനം കാണാതെ മറച്ചുവയ്ക്കാൻ അച്ചൻകുഞ്ഞിനു കഴിയുന്നു എന്നതാണ് ഈ ചങ്ങാതിയുടെ വിജയരഹസ്യം.

അപകടകാരി എന്ന വാക്കിനേക്കുറിച്ച് അല്പം വിശദീകരിക്കട്ടെ. ഇയാൾ ഏതെങ്കിലും ഭീകര സംഘടനയിൽ പെട്ട ആളാണെന്നോ മാഫിയ നേതാവാണെന്നോ അല്ല ഡിഫെൻഡർ പറയുന്നത്. അച്ചൻകുഞ്ഞ് അപകടം വിതയ്ക്കുന്നത് ആത്മീയരംഗത്താണ്. കത്തോലിക്കാസഭ മുതൽ പെന്തക്കോസ്ത് സഭവരെയുള്ള എല്ലാ ക്രൈസ്തവ വിഭാഗങ്ങളേയും ഒരുകുടക്കീഴിൽ കൊണ്ടുവരുക എന്നതാണ് ഇയാളുടെ ഹിഡൻ അജണ്ട. ശരിക്കും ബിലെയാമിന്റെ പദ്ധതി. പെന്തക്കോസ്തുകാർ വിലമതിക്കുന്നതെല്ലാം ഇയാൾ തന്ത്രപൂർവ്വം തകർക്കും.

ഐ.പി.സിയുടെ കേരള സ്റ്റേറ്റ് കൗൺസിൽ അംഗമാണ് അച്ചൻകുഞ്ഞ്. കൂടാതെ, മരുപ്പച്ച ദ്വൈവാരികയുടെ എഡിറ്ററും. ചുക്കു ചേരാത്ത കഷായമില്ല എന്നു പറഞ്ഞതുപോലെ അച്ചൻകുഞ്ഞില്ലാത്ത പരിപാടിയില്ല. പത്രപ്രവർത്തനം, പ്രതിഷേധയോഗം, കൺവെൻഷൻ, ക്രൂസേഡ്, വിവിധ വേദികൾ, ചർച്ച തുടങ്ങി എന്തു നടന്നാലും അച്ചൻകുഞ്ഞുണ്ടാകും. വെറുതെ പങ്കെടുക്കുകയല്ല ഔദ്യോഗിക ഭാരവാഹിയായിത്തന്നെ ഉണ്ടാകും. ഉണ്ടായില്ലെങ്കിൽ അച്ചൻകുഞ്ഞ് പ്രതിഷേധിക്കും. വേണ്ടിവന്നാൽ ബഹിഷ്ക്കരിക്കും.

നിഖ്യാ വിശ്വാസപ്രമാണം അംഗീകരിച്ചാൽ രക്ഷിക്കപ്പെടും എന്നതാണ് അച്ചൻകുഞ്ഞിന്റെ നിലപാട്. വിശ്വാസസ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട് തുടങ്ങിയതൊന്നും ആവശ്യമില്ല എന്നും അച്ചൻകുഞ്ഞ് പറയുന്നു. ഇങ്ങനെ തുറന്ന് എഴുതിയാൽ പ്രശ്നമാകുമെന്ന് അച്ചൻകുഞ്ഞിനറിയാം. അതുകൊണ്ട് ഈ സിദ്ധാന്തം പറയാതെ പറയുകയാണ് അച്ചൻകുഞ്ഞ് ചെയ്യുന്നത്. സംശയമുള്ളവർ മരുപ്പച്ചയിലെ എഴുത്തുകാർ ആരൊക്കെ എന്നു നോക്കു. മാർതോമ്മാക്കാരനായ സണ്ണി അച്ചൻ മരുപ്പച്ചയിലെ സ്ഥിരം എഴുത്തുകാരനാണ്. വിശ്വാസസ്നാനത്തിനെതിരെ പുസ്തകമെഴുതിയ ആളാണ് സണ്ണി അച്ചൻ എന്ന് ഓർക്കണം. കത്തോലിക്കാമതപ്രചാരകനായ ബെന്നി പുന്നത്തറയും മരുപ്പച്ചയിലെ എഴുത്തുകാരനാണ്. വെറുമൊരു സമുദായക്കാരനായ പാറക്കടവിലും മരുപ്പച്ചയിൽ വിലസാറുണ്ട്. അങ്ങനെ നിരവധി പേരുകൾ പറയാൻ കഴിയും. ഇവരൊക്കെ പ്രചരിപ്പിക്കുന്നത് ഇവരുടെ തിയോളജിയായിരിക്കുമല്ലോ. മരുപ്പച്ച എന്നത് ഒരു പെന്തക്കോസ്ത് പ്രസിദ്ധീകരണമാണെന്നു വിശ്വാസികൾ ധരിക്കുന്നതുകൊണ്ട് ഈ ദുരുപദേശങ്ങൾ ജനം വിശ്വസിക്കാൻ ഇടയാകുന്നു. ഇങ്ങനെയാണ് അച്ചൻകുഞ്ഞ് അപകടം വിതയ്ക്കുന്നത്.



സമുദായക്കാർ ഉൾപ്പെട്ട എന്തു പരിപാടിയുണ്ടെങ്കിലും പെന്തക്കോസ്തുകാരുടെ സ്വയം പ്രഖ്യാപിത പ്രതിനിധി എന്ന നിലക്ക് അച്ചൻകുഞ്ഞ് അതിൽ പങ്കെടുക്കും. പക്ഷേ ഡിഫെൻഡർ പലപ്പോഴും അച്ചൻകുഞ്ഞിനു വിലങ്ങുതടിയാകാറുണ്ട്. പെന്തക്കോസ്തിലെ കള്ളൻമാരേക്കുറിച്ച് ഡിഫെൻഡർ എഴുതുന്നത് സമുദായക്കാരും ചിലപ്പോൾ വായിക്കാറുണ്ട്. പെന്തക്കോസ്തിന്റെ ഏകനും പ്രത്യക്ഷനുമായ പ്രതിനിധിയായി എത്തുന്ന അച്ചൻകുഞ്ഞിനോട് സമുദായക്കാർ പലപ്പോഴും ഇത്തരം കാര്യങ്ങൾ ചോദിക്കുന്നു. ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്നൊക്കെ അച്ചൻകുഞ്ഞു പറയാറുണ്ടെങ്കിലും ഫലമുണ്ടാകാറില്ല.

അടുത്ത കാലത്തായി കെ.സി.ജോണിന്റെ പേര് ഏറെ നാറിയിരിക്കയാണ്. അച്ചൻകുഞ്ഞ് അംഗമായിരിക്കുന്ന ഐ.പി.സിയുടെ പ്രസിഡന്റ് വ്യഭിചാരിയാണെന്നു വന്നാൽ അത് അച്ചൻകുഞ്ഞിനു ക്ഷീണമാണ്. ഈ നാണക്കേടു മാറ്റുക എന്ന ഉദ്ദേശ്യത്തോടെയാണ് അച്ചൻകുഞ്ഞ് കൗപീനദാനം ആസൂത്രണം ചെയ്തത്. ഡിഫെൻഡർ എന്ന ലൊടുക്കൂസ് പത്രം മാത്രമേ കെ.സി. ജോണിന് എതിരായി എഴുതുന്നുള്ളു എന്നും മറ്റു പെന്തക്കോസ്തുകാരെല്ലാം കെ.സി.ജോണിന്റെ പിന്നിൽ ഒറ്റക്കെട്ടായുണ്ടെന്നും വരുത്തി തീർക്കാനാണ് പെന്തക്കോസ്ത് കൗൺസിലിന്റെ ലേബലിൽ തുണിയുടുപ്പിക്കൽ നടത്തിയത്. ഈ കോപ്രായങ്ങൾക്ക് പി.സി.ഐയുടെ ജനറൽ സെക്രട്ടറിയായ കെ.എൻ.റസ്സൽ സമ്മതിക്കില്ലെന്ന് അറിയാവുന്നതിനാൽ റസ്സൽ അമേരിക്കയിൽ നിന്നു മടങ്ങിയെത്തുന്നതിനു മുൻപ് കലാപരിപാടി നടത്തി.

വടക്കേക്കുറ്റിനെ തന്ത്രപൂർവ്വം വലയിലാക്കുകയാണ് അച്ചൻകുഞ്ഞ് ആദ്യം ചെയ്തത്. ഓവർസിയറായി ചാർജ്ജെടുത്ത എം.കുഞ്ഞപ്പിക്ക് ഒരു സ്വീകരണം നൽകണം എന്നു പറഞ്ഞാണ് തുടങ്ങിയത്. എല്ലാ നേതാക്കൻമാരേയും വിളിക്കാനും ഏർപ്പാടാക്കി. ഇതൊക്കെ കെ.സി.ജോണും അച്ചൻകുഞ്ഞും തമ്മിലുള്ള ഒത്തുകളിയാണെന്ന് വടക്കേക്കുറ്റ് അറിഞ്ഞില്ല. നേതാക്കൻമാരെ ക്ഷണിച്ചപ്പോൾ കെ.സി.ജോണിനേയും ക്ഷണിച്ചു. വടക്കേക്കുറ്റ് ക്ഷമ എഴുതിക്കൊടുത്തു വിളിച്ചാൽ മാത്രമേ കെ.സി.ജോൺ വരു എന്നായി. അച്ചൻകുഞ്ഞിന്റെ നിർബ്ബന്ധത്തിനു വഴങ്ങി വടക്കേക്കുറ്റ് ഒരു കത്തെഴുതിക്കൊടുത്തു. (പേജ് 5 നോക്കുക).

കെ.സി.ജോൺ വരുമ്പോൾ പൊന്നാടയും പ്രശസ്തിപത്രവും കൊടുക്കണമെന്നായി അച്ചൻകുഞ്ഞ്. പ്രശസ്തിപത്രവും പൊന്നാടയും അച്ചൻകുഞ്ഞ് കൊണ്ടുവരുകയും ചെയ്തു. പക്ഷേ ഇത്തവണ വടക്കേക്കുറ്റ് വഴങ്ങിയില്ല. പ്രശസ്തിപത്രം വേണ്ടെന്നുവച്ചു. പൊന്നാടയ്ക്കു പകരം ചെറിയ ഒരു നേര്യത് നൽകി പ്രശ്നം പരിഹരിച്ചു.

പക്ഷേ ഈ കളി കൂടുതൽ പ്രശ്നത്തിനു വഴിവച്ചു. അച്ചൻകുഞ്ഞ് തങ്ങളെ ചതിക്കയായിരുന്നു എന്ന് ഏവർക്കും മനസ്സിലായി. എം.കുഞ്ഞപ്പിക്ക് സ്വീകരണം നൽകുന്നു എന്നു പറഞ്ഞു വിളിച്ചിട്ട് പരമ വ്യഭിചാരിയായ കെ.സി.ജോണിന് നേര്യതു കൊടുത്തതും അതിൽ തങ്ങൾ പങ്കെടുത്തെന്നു വരുത്തിത്തീർത്തതും മിക്കവർക്കും രസിച്ചില്ല. ഇതെല്ലാം കെ.സി.ജോണും അച്ചൻകുഞ്ഞും ചേർന്നുള്ള ഒത്തുകളിയായിരുന്നു എന്നുകൂടി അറിഞ്ഞതോടെ പദ്ധതി പൊളിഞ്ഞു.

കെ.സി.ജോണിന്റെ പിന്നിൽ സകലമാന പെന്തക്കോസ്തുകാരും ഉണ്ടെന്നു വരുത്തിത്തീർക്കാൻ നടത്തിയ ശ്രമം ഏഴുനിലയിൽ പൊട്ടി. ഡിഫെൻഡറിലും മറ്റും വാർത്ത വന്നതോടെ അച്ചൻകുഞ്ഞ് കുഴഞ്ഞു. മരുപ്പച്ചയിൽ വാർത്തപോലും കൊടുക്കാൻ ധൈര്യമുണ്ടായുമില്ല.

## തുണിയുടെ രഹസ്യം പിടികിട്ടി

വിശേഷിച്ച് ഒരു കാരണവും കൂടാതെ അച്ചൻകുഞ്ഞ് ഇലന്തൂർ കെ.സി ജോണിന് തുണിക്കഷണം കൊടുത്തതെന്തിന്? ആദ്യമൊന്നും കാര്യം പിടികിട്ടിയില്ല. പക്ഷേ വളരെ ആലോചിച്ചപ്പോൾ ആ രഹസ്യം പകൽ പോലെ വ്യക്തമായി.

കെ.സി.ജോൺ നരച്ച മുടി ഡൈചെയ്ത് പച്ചക്കാമദേവനായി നടക്കുകയായിരുന്നല്ലോ. അമേരിക്കയിൽ നിന്നു മടങ്ങിയെത്തിയ ശേഷം കെ.സി.ജോൺ ഡൈചെയ്തില്ല. അതോടെ കെ.സിയുടെ ശരിക്കുള്ള പ്രായം മാലോകർക്കു മനസ്സിലായി. കൂടാതെ, തനിക്ക് 61 വയസ്സായി എന്ന് കെ.സി.ജോൺതന്നെ പറയാനും തുടങ്ങി. ഇതേപ്പറ്റി ഡിഫെൻഡർ വിവരിച്ചപ്പോൾ 'കെ.സി.ജോൺ വയസ്സറിയിച്ചു' എന്ന് എഴുതി. തന്റെ വയസ്സ് എത്രയെന്ന് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും കെ.സി.ജോൺ അറിയിച്ചു എന്നു മാത്രമേ ഡിഫെൻഡർ അർത്ഥമാക്കിയുള്ളൂ. പക്ഷേ അച്ചൻകുഞ്ഞ് അതു തെറ്റിദ്ധരിച്ചു. കാള പെറ്റെന്നു കേട്ടപ്പോൾ കയറെടുത്തതുപോലെ 'കെ.സി.ജോൺ വയസ്സറിയിച്ചു' എന്നു കേട്ടപ്പോൾ അച്ചൻകുഞ്ഞ് തുണിയുമായി ഓടിയെത്തി. സോറി അച്ചൻകുഞ്ഞേ, സംഗതി അച്ചൻകുഞ്ഞു വിചാരിച്ചതല്ല. ഇതു വേറെ കാര്യം. തുണിയുടെ ആവശ്യമില്ല.





## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് – 1500 രൂപ മാത്രം**

**ഓരോ അധിക പേജിനും 400 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 9447414608**

RNI No. 68089 / 97
2008 September 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# കെ.സി.ജോണിന്റെ അഭിമുഖത്തിനുള്ള മറുപടി

കെ.സി.ജോൺ അമേരിക്കയിൽ രണ്ടുവർഷം പഠിച്ചെന്നും അവിടെ സ്ഥിരതാമസമാക്കാമായിരുന്നു എന്നും അതൊക്കെ ഉപേക്ഷിച്ച് കേരളത്തിലേക്കു മടങ്ങുകയാണുണ്ടായതെന്നും അഭിമുഖത്തിൽ പറയുന്നു. ഒരു സംശയം: ഇന്ത്യയിൽ നിന്ന് ഒരു ഡിഗ്രിയും അംഗീകാരമില്ലാത്ത ബൈബിൾ പഠനവും കഴിഞ്ഞ് അമേരിക്കയിൽ എത്തി രണ്ടു വർഷം പഠിച്ചാൽ കിട്ടുന്ന ഡിഗ്രി ഏതാണ്? കെ.സി.ജോണിന്റെ ഡോ പോലുള്ള എന്തെങ്കിലുമാകാനേ തരമുള്ളൂ. അത്തരം പഠിത്തത്തേക്കുറിച്ച് ഏറെ പറയാതിരിക്കയാണ് ഭേദം.

അമേരിക്കയിൽ സ്ഥിരതാമസമാക്കുന്നതാണ് അടുത്ത പ്രശ്നം. പഠനത്തിനായി അമേരിക്കയിലെത്തിയ വ്യക്തി രണ്ടുവർഷം പഠിച്ചശേഷം അമേരിക്കയിൽ സ്ഥിരതാമസമാക്കാൻ നേരേ ചൊവ്വേയുള്ള വഴിയൊന്നുമില്ല. പിന്നെയുള്ളത് വളഞ്ഞ വഴികളാണ്. അത്തരത്തിലുള്ള വിദ്യകൾ ചിലപ്പോൾ ഫലിച്ചേക്കാം. അതുകൊണ്ട് ഇന്ത്യയിലേക്കു മടങ്ങിയത് വലിയ ത്യാഗമായിപ്പോയി എന്ന് വിവരദോഷികളോടു പറഞ്ഞാൽ മതി. അവർ ഒരുപക്ഷേ ഹാലേലൂയ്യാ പറഞ്ഞേക്കാം.

പണസമ്പാദനത്തിനായി ശ്രമിച്ചിരുന്നെങ്കിൽ കോടികൾ ഉണ്ടാക്കാമായിരുന്നു എന്നും കെ.സി.ജോൺ അതു ചെയ്തില്ല എന്നുമാണ് അടുത്ത അവകാശവാദം. സമ്പാദിക്കാവുന്നതിന്റെ പരമാവധി സമ്പാദിച്ചിട്ടാണ് ഈ വിലാപകാവ്യം. സുവിശേഷവേലയുടെ മറവിൽ പണം സമ്പാദിച്ചവരിൽ പ്രമുഖനാണ് കെ.സി.ജോൺ. ഇയാൾക്ക് എത്ര കോടിയുടെ സ്വത്തുണ്ടെന്ന് ഇയാൾക്കു തന്നെ കൃത്യമായ കണക്കുണ്ടാകില്ല. പക്ഷേ ഇതൊക്കെ മറച്ചുവച്ച് മഹാത്യാഗി ചമയുകയാണ് കെ.സി.ജോൺ.

കെ.സി.ജോണിന്റെ മൂത്ത മകൻ 11 വർഷമായി അമേരിക്കയിലാണെന്നും അവൻ മാസംതോറും കെ.സി.ജോണിന് പണം നൽകുന്നുണ്ടെന്നുമാണ് അടുത്ത വാദം. ജോലിചെയ്ത് പണമുണ്ടാക്കാൻ അനുവാദമുള്ള വിസയാണോ മകനുള്ളത്? ആണെങ്കിൽ ഈ അവകാശവാദം ഒരളവോളമെങ്കിലും അംഗീകരിക്കാം. അതുകൊണ്ട് മകൻ ഏതു തരത്തിലുള്ള വിസയിലാണ് വടക്കേ അമേരിക്കയിൽ കഴിയുന്നതെന്ന് കെ.സി.ജോൺ വ്യക്തമാക്കണം.

ബാങ്കിൽ നിന്നു ലോൺ എടുത്താണത്രേ കെ.സി.ജോൺ വാഹനം വാങ്ങിയത്. ഏതു കള്ളപ്പണക്കാരനും പ്രയോഗിക്കുന്ന ഒരു തന്ത്രമാണിത്. ആദായനികുതിക്കാരെ കബളിപ്പിക്കാൻ ഇങ്ങനെയൊക്കെ ചെയ്യേണ്ടതായി വരും. പക്ഷേ ഈ വിദ്യ ഡിഫെൻഡറിന്റെ മുൻപിൽ ഇറക്കുന്നതു സൂക്ഷിച്ചുവേണം.

ലോക്കൽ സഭയിൽ നിന്നു കെ.സി.ജോൺ ശമ്പളമോ ദശാംശമോ വാങ്ങുന്നില്ലത്രേ. കോടീശ്വരനായ കെ.സി.ജോണിന് ഈ നക്കാപ്പിച്ചയുടെ ആവശ്യമില്ല. അതു വാങ്ങുന്നതിനേക്കാൾ നല്ലത് വാങ്ങാതിരിക്കയും ഇങ്ങനെ വീരസ്യം പറയുകയുമാണ്. സൗജന്യമായി സഭാശുശ്രൂഷ ചെയ്യുന്നു എന്നു പറഞ്ഞ് പുണ്യാളനാകാമല്ലോ. വിദ്യ കൊള്ളാം.

പുത്രന്റെ എം.ബി.ബി.എസ്സ് അഡ്മിഷന് കൈക്കൂലി കൊടുത്തതും മറ്റും വിശദമായി മുൻലക്കങ്ങളിൽ എഴുതിയിട്ടുള്ളതുകൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല.

നെടുമ്പ്രം സഭ ഐ.പി.സിക്ക് എഴുതി കൊടുത്തത്രേ. അതിലെന്താണ് അത്ഭുതം? ഐ.പി.സിയുടെ നേതാവാകാൻ ഇത് ആവശ്യമാണ്. അതുകൊണ്ട് അങ്ങനെ ചെയ്തു. അതുകൊണ്ട് നഷ്ടമൊന്നും ഉണ്ടായില്ലല്ലോ. ആജീവനാന്തം അവിടെ പാസ്റ്ററായിരിക്കുന്നു. സ്ഥലംമാറ്റം നഹി. എല്ലാം ഐ.പി.സിയുടെ വകയാണെന്നു പറയാം. പക്ഷേ ഫലത്തിൽ എല്ലാം സ്വന്തം. ഇതാണ് സാക്ഷാൽ ത്യാഗം.

ഒരു ലോക്കൽ സഭപോലും സ്ഥാപിച്ചിട്ടില്ലാത്തവരും ഒരു സഭയിൽപ്പോലും ശുശ്രൂഷകനായിരുന്നിട്ടില്ലാത്തവരും തങ്ങൾ പാർക്കുന്ന ദേശത്ത് 10 പേരേപ്പോലും വിളിച്ചുകൂട്ടാൻ സാക്ഷ്യമില്ലാത്തവരും ഒരുതരി മണ്ണുപോലും ഐ.പി.സിക്ക് വാങ്ങിക്കൊടുത്തിട്ടില്ലാത്തവരും എങ്ങനെ നേതാക്കളാകും എന്ന് കെ.സി.ജോൺ ചോദിക്കുന്നു. ഐ.പി.സിയിലുള്ള ഏതോ പഹയനെതിരേയാണ് ഈ കുന്തം ചാണ്ടിയിരിക്കുന്നത്. ഏതായാലും ഇതിനുള്ള മറുപടി ഡിഫെൻഡർ പറയേണ്ടതില്ലല്ലോ.

അഭിമുഖത്തിന്റെ ഏറ്റവും രസകരമായ ഭാഗത്തേക്കാണ് ഇനി കടക്കുന്നത്. 'താങ്കൾക്കെതിരെ പല അപകീർത്തികളും പരക്കുന്നുണ്ടല്ലോ' എന്നാണ് ചോദ്യം. അതിനു കെ.സി.ജോൺ പറഞ്ഞ മറുപടി വിചിത്രമാണ്: ''41 വർഷമായി രാവും പകലും സഞ്ചരിച്ച് ജനങ്ങൾക്കിടയിൽ ഇടപഴകി പ്രവർത്തിക്കുന്ന ഒരു ശുശ്രൂഷകനാണു ഞാൻ. അനേക വീടുകളിൽ താമസിച്ചിട്ടുണ്ട്. ലക്ഷക്കണക്കിനു വ്യക്തികളുമായി ഇടപഴകിയിട്ടുണ്ട്. എന്നാൽ വളരെ സൗമ്യതയോടെ ഞാൻ വെല്ലുവിളിക്കുകയാണ് ഏതെങ്കിലുമൊരാൾ പറയട്ടെ, അയാളുടെ ഭാര്യയോടോ സഹോദരിയോടോ മകളോടോ അമ്മയോടോ ഞാൻ അപമര്യാദയായി സംസാരിക്കയോ പെരുമാറുകയോ അവിഹിത ബന്ധങ്ങൾക്കു ശ്രമിക്കയോ പീഡിപ്പിക്കയോ ചെയ്തിട്ടുണ്ടെന്ന് ഒരൊറ്റയാളും സത്യസന്ധമായി എനിക്കെതിരെ ആരോപണമുന്നയിക്കയില്ലെന്ന് ധൈര്യത്തോടെ പറയാൻ കഴിയും''.

സത്യം സത്യമായി പറഞ്ഞാൽ 'കലക്കി'. 'സത്യസന്ധമായി' എന്ന വാക്ക് ബഹുവിശേഷം. ഈ വെല്ലുവിളി ആരെങ്കിലും സ്വീകരിച്ച് മുൻപോട്ടു വന്നാൽ 'സത്യസന്ധമായി' എന്ന വാക്കിന്റെ ബലത്തിൽ രക്ഷപ്പെടാം. തനിക്കെതിരെ ഉന്നയിക്കുന്ന ആരോപണം കളവാണ് എന്നു പറഞ്ഞാൽ മതിയല്ലോ. കെ.സി.ജോണിനെ ദൈവമായി കരുതുന്ന നിരവധി വിഡ്ഢികളുണ്ട്. അങ്ങനെയുള്ളവർ കെ.സി.ജോൺ എഴുതിയതു വായിച്ച് കോൾമയിർ കൊള്ളുന്നുണ്ടാകും. പക്ഷേ ഈ വിദ്യയൊന്നും ഡിഫെൻഡറിനോടു വേണ്ട, ട്ടോ. അത്ര വലിയ വിഡ്ഢികളാരും ഡിഫെൻഡറിന്റെ പിന്നിലില്ല. സ്വന്തം അമ്മ, ഭാര്യ, സഹോദരി, മകൾ എന്നിവരിൽ ആരെയെങ്കിലും കെ.സി.ജോൺ വ്യഭിചരിച്ചു എന്ന് അല്പമെങ്കിലും നാണമുള്ള ആരും പറയുകയില്ലെന്നു തീർച്ച. അതുകൊണ്ടാണ് കെ.സി.ജോൺ ഇത്ര ധൈര്യമായി ഇങ്ങനെ എഴുതിയിരിക്കുന്നത്. തന്റെ ഭാര്യയെ മകളുടെ ഭർത്താവായ കെ.സി.ജോൺ വ്യഭിചരിച്ചു എന്നു പറയാൻ ചത്തുപോയ അമ്മായിയപ്പൻ എഴുന്നേറ്റു വരില്ലെന്ന് കെ.സി.ജോണിനറിയാം. താനും മരുമകനായ കെ.സി.ജോണും തമ്മിൽ അവിഹിതബന്ധമുണ്ടായിരുന്നു എന്നു പറയാൻ കെ.സി.ജോണിന്റെ അമ്മായിയമ്മയും എഴുന്നേറ്റു വരില്ല. സംഭവങ്ങളെല്ലാം നേരിട്ടറിയാമെങ്കിലും കെ.സി.ജോണിന്റെ ഭാര്യയും സത്യം തുറന്നു പറയുകയില്ല. അടുത്ത കാലത്ത് ഇതേപ്പറ്റി ചോദിച്ച ഒരാളോട് കെ.സി.ജോണിന്റെ ഭാര്യ പറഞ്ഞത് ഇതാണ്: ''പണ്ടു നടന്ന കാര്യങ്ങളൊക്കെ ഇപ്പോൾ എന്തിനാ ഇങ്ങനെ കുത്തിപ്പൊക്കുന്നത്?'' അമ്മായിയമ്മയും മരുമകനും തമ്മിലുള്ള ബന്ധം നന്നായറിയാവുന്നതുകൊണ്ടാണല്ലോ സ്വന്തം അമ്മയെ ഏക മകളായ പ്രെയ്സ് ഒപ്പം താമസിപ്പിക്കാതിരുന്നത്.

തന്റെ മകളായ മേഴ്സിയെ കെ.സി.ജോൺ വ്യഭിചരിച്ചു ഗർഭിണിയാക്കിയെന്ന് ടി.എസ്. ഏബ്രഹാം പറയുമോ? തന്റെ വയറ്റിൽ ആദ്യമായും അവസാനമായും കുരുത്ത ജീവൻ കെ.സി.ജോണിന്റെ സംഭാവനയായിരുന്നെന്ന് മേഴ്സി പറയുമോ? കെ.സി.ജോൺ ജയിക്കുന്നത് ഇവിടെയാണ്. പക്ഷേ അത്രയെളുപ്പം ജയിക്കാൻ കെ.സി.ജോണിനു കഴിയുന്നതല്ല.

ഇംഗ്ലണ്ടിലുള്ള സരസമ്മയുമായി ഒരു ബന്ധവുമില്ലെന്നു പറയാൻ കെ.സി.ജോണിനു കഴിയുമോ? അമേരിക്കയിലുള്ള പാട്ടുകാരി എൽസിയുമായി കെ.സി.ജോണിനുള്ള ബന്ധം ഏതു വിധത്തിലുള്ളതാണ്? പുളിക്കീഴുകാരി സജിനി (കുസുമം) കെ.സി.ജോണിന്റെ ആരാണ്? സ്വിമ്മിംഗ് പൂൾ എപ്പിസോഡ് ഇത്ര പെട്ടെന്നു മറന്നോ? വെറുതെ വടി കൊടുത്ത് അടി വാങ്ങണോ കെ.സി?

തന്റെ ഭാര്യയെ സഭാനേതാവായ കെ.സി.ജോൺ വ്യഭിചരിച്ചു എന്നു പറയാൻ സാധാരണക്കാർ തയ്യാറാകുകയില്ലെങ്കിലും ഒരു പാസ്റ്റർ അതിനും തയ്യാറായി. സംഭവങ്ങളെല്ലാം നേരിൽ കണ്ട ഈ പാസ്റ്റർ എല്ലാ വിവരങ്ങളും ഒരു കടലാസ്സിൽ എഴുതിയശേഷം പ്രധാന പെന്തക്കോസ്ത് പത്രങ്ങളെയെല്ലാം സമീപിച്ചു. പക്ഷേ ആ കുറിപ്പ് പ്രസിദ്ധീകരിക്കാൻ ആരും തയ്യാറായില്ല. ഒടുവിൽ ഈ പാസ്റ്റർ തിരുവല്ലയിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ഒരു ചെറിയ പത്രത്തിന്റെ എഡിറ്ററെ കണ്ടു. അയാൾ ആ എഴുത്ത് വാങ്ങുകയും ചെയ്തു. പക്ഷേ അദ്ദേഹവും അതു പ്രസിദ്ധീകരിച്ചില്ല.

ഈ വിവരങ്ങളൊക്കെ അറിഞ്ഞപ്പോൾ ഡിഫെൻഡർ ആ ലേഖനം പ്രസിദ്ധീകരിക്കാൻ തയ്യാറായി. ഏറെ താമയിയാതെ ലേഖകനായ പാസ്റ്റർ വിവരമറിഞ്ഞു. ഉടൻതന്നെ അദ്ദേഹം പെരുമ്പാവൂരിൽ, ഡിഫെൻഡറിന്റെ ഓഫീസിൽ എത്തി. ആ കത്തു പ്രസിദ്ധീകരിച്ചാൽ തനിക്കും തന്റെ കുടുംബത്തിനും തീർത്താൽ തീരാത്ത ദുഷ്പേരുണ്ടാകുമെന്നും തന്റെ പെൺമക്കളുടെ വിവാഹംപോലും മുടങ്ങിപ്പോകുമെന്നും അയാൾ പറഞ്ഞു. അതുകൊണ്ട് ആ വിവരം നാളിതുവരെ ഡിഫെൻഡറിൽ എഴുതിയില്ല. പക്ഷേ തികച്ചും ആവശ്യമെന്നു വന്നാൽ എല്ലാം ഡിഫെൻഡർ തുറന്നു പറയും. തത്ക്കാലം ആ പാസ്റ്ററുടെ പേരുപോലും പറയുന്നില്ല എന്നുമാത്രം.

കുറ്റവാളികൾക്ക് ഒരു മോഡസ് ഓപ്പറാണ്ടി ഉണ്ടായിരിക്കുമെന്നു കെ.സി.ജോൺ പറഞ്ഞത് തികച്ചും ശരിയാണ്. പെന്തക്കോസ്തിലെ വ്യഭിചാരികൾക്കുമുണ്ട് മോസഡ് ഓപ്പറാണ്ടി. ആതിഥ്യമരുളുന്നയാളുടെ ഭാര്യയിലാണ് സാമച്ചന്റെ നോട്ടം. അവിവാഹിതകളായ പെൺകുട്ടികളെയാണ് ടി.എസ്.ഏബ്രഹാം സാധാരണയായി നോട്ടമിടുക. കെ.എ.ഏബ്രഹാമിന്റെ അളിയനും കള്ളപ്രവാചകനുമായ മത്തായിക്കുട്ടിക്ക് ഏഴു വയസ്സു മുതൽ എഴുപതു വയസ്സുവരെയുള്ള പുരുഷൻമാരേയാണ് പ്രിയം. കെ.സി.ജോണിന്റെ മോഡസ് ഓപ്പറാണ്ടി തികച്ചും വ്യത്യസ്തമാണ്. ചുരുക്കം ചില സന്ദർഭങ്ങളിലൊഴികെ ഇയാൾ അവിവാഹിതകളായ സ്ത്രീകളിൽ കണ്ണുവച്ചിട്ടില്ല. അമ്മായിയമ്മ മുതൽ പവ്വർ വിഷനിലെ 'കക്ഷി' വരെയുള്ളവരുടെ കാര്യത്തിൽ ഇതു ശരിയാണ്. മോഡസ് ഓപ്പറാണ്ടിയുമായി ബന്ധപ്പെട്ട് കെ.സി.ജോൺ പറഞ്ഞത് തികച്ചും ശരിതന്നെ.

കെ.സി.ജോണിന്റെ തല ആരോ വെട്ടിയൊട്ടിച്ചതാണു പ്രശ്നത്തിനു കാരണം എന്നത്രെ കെ.സി.ജോണിന്റെ വിലാപം. നൂറു കണക്കിനു സ്ഥലങ്ങളിൽ വെട്ടിവച്ചിട്ടും കെ.സി.ജോണിന്റെ തല ഇപ്പോഴും അങ്ങേരുടെ കഴുത്തിനു മുകളിൽത്തന്നെ ഉണ്ട് എന്നത് അത്ഭുതകരംതന്നെ. ഏതുതരം മായാജാലമാണിതെന്നു മനസ്സിലാകുന്നില്ല. നൂറു കണക്കിന് ആളുകളുടെ തല ഈ വിധത്തിൽ വെട്ടിയിട്ടുണ്ട് എന്നത്രേ കെ.സി.ജോൺ പറയുന്നത്. പക്ഷേ കെസി.ജോൺ ഒഴികെ ആരും ഇങ്ങനെ തല നഷ്ടപ്പെട്ടതായി പരാതി പറഞ്ഞിട്ടില്ല. അതുകൊണ്ട് മറ്റാരുടേയും തല ഈ വിധത്തിൽ നഷ്ടപ്പെട്ടില്ല എന്നു വ്യക്തം.

ജോസഫിന്റെ കാലത്ത് ഡിഫെൻഡർ ഉണ്ടായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി എന്നോർത്ത് കെ.സി.ജോൺ വ്യാകുലപ്പെടുന്നു. ഭാഗ്യം, അക്കാലത്ത് അച്ചടിവിദ്യ കണ്ടുപിടിച്ചിരുന്നില്ല. പക്ഷേ ഒരു പ്രശ്നം: ജോസഫ് ഒരിക്കൽ മാത്രമേ പ്രശ്നത്തിലായുള്ളൂ. കെ.സി.ജോണിന്റെ സ്ഥിതി അതല്ല. നാലു പതിറ്റാണ്ടിലേറെയായി ഈ വിദ്വാൻ കലാപരിപാടി തുടങ്ങിയിട്ട്. ജോസഫിന്റെ കാര്യത്തിൽ ഒരു കഷണം തുണി മാത്രമായിരുന്നു തെളിവ്. പക്ഷേ കെ.സി.ജോണിന്റെ കാര്യത്തിൽ ദൃക്സാക്ഷികൾ വരെയുണ്ട്. ആകയാൽ ജോസഫിന്റെ മറ പിടിച്ച് രക്ഷപ്പെടാൻ കെ.സി.ജോണിനാവില്ല.

കെ.സി.ജോൺ ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച അഭിമുഖ സംഭാഷണത്തിൽ പറഞ്ഞ എല്ലാ കാര്യത്തിനും ഡിഫെൻഡർ മറുപടി പറഞ്ഞുകഴിഞ്ഞു. ഒരു ചോദ്യത്തിനുപോലും മറുപടി പറയാതിരുന്നില്ല. ഡിഫെൻഡർ നിൽക്കുന്നത് വഴുവഴുപ്പിലല്ല പാറമേലാണ്. അതുകൊണ്ട് നേരേ നിൽക്കാൻ ഡിഫെൻഡറിനു കഴിയും. പക്ഷേ അതല്ല കെ.സി.ജോണിന്റെ സ്ഥിതി. ഡിഫെൻഡർ ചോദ്യവുമായെത്തിയാൽ കെ.സി.ജോൺ ഓടേണ്ടതായിവരും.

കെ.സി.ജോണിനെതിരെ ഡിഫെൻഡർ എഴുതാൻ തുടങ്ങിയിട്ട് എട്ടു വർഷത്തോളമായി. പക്ഷേ പത്രത്തിലൂടെ പ്രതികരിക്കുന്നത് ആദ്യമായാണ്. ഡിഫെൻഡറിൽ വരുന്ന വാർത്തകളേക്കുറിച്ചു ചോദിച്ചാൽ ''ഞാൻ ഡിഫെൻഡർ വായിക്കാറില്ല'' എന്ന മറുപടിയായിരുന്നു കെ.സി.ജോൺ പറഞ്ഞുകൊണ്ടിരുന്നത്. കെ.സി.ജോൺ കണ്ണടയ്ക്കുമ്പോൾ ലോകം ഇരുട്ടിലാകുമെന്നും കെ.സി.ജോൺ ഡിഫെൻഡർ വായിക്കാത്തതുകൊണ്ട് മാറ്റുള്ളവർക്കു ഡിഫെൻഡർ വായിക്കാൻ പറ്റില്ലെന്നുമൊക്കെയാണ് കെ.സി.ജോൺ ധരിച്ചിരുന്നത്. പക്ഷേ അതല്ല സ്ഥിതി എന്ന് ഏതാനും മാസം മുൻപ് അമേരിക്കയിലെത്തിയപ്പോൾ കെ.സി.ജോണിനു മനസ്സിലായി.

ഇന്ത്യയിൽ പെന്തക്കോസ്തുകാരായ മലയാളി കുടുംബങ്ങൾ എത്രയുണ്ട്. കൃത്യമായ കണക്ക് അറിഞ്ഞുകൂടാ. ഒരു ലക്ഷം എന്നിരിക്കട്ടെ. അങ്ങനെയെങ്കിൽ ഡിഫെൻഡറിന് കുറഞ്ഞപക്ഷം ഒരുലക്ഷം കോപ്പിയെങ്കിലും ഉണ്ടെങ്കിൽ മാത്രമേ കെ.സി.ജോണിനേക്കുറിച്ച് എല്ലാവരേയും അറിയിക്കാൻ പറ്റൂ. മോനായിയേപ്പോലെ കള്ളം പറയാൻ ഡിഫെൻഡർ തയ്യാറല്ല. അതുകൊണ്ടു പറയട്ടെ, ഇന്ത്യയിലുള്ള വളരെ കുറച്ച് ആളുകളുടെ കൈയ്യിൽ മാത്രമേ ഡിഫെൻഡർ എത്തുന്നുള്ളൂ. ഡിഫെൻഡർ എത്ര ശ്രമിച്ചാലും കെ.സി.ജോണിനെപ്പോലുള്ള കള്ളൻമാരേക്കുറിച്ച് ഏവർക്കും മുന്നറിയിപ്പു കൊടുക്കുക എളുപ്പമല്ലെന്നു ചുരുക്കം.

ഗൾഫിലെ സ്ഥിതിയും മറിച്ചല്ല. ഡിഫെൻഡറിന്റെ ഏതാനും കോപ്പികൾ മാത്രമേ ഗൾഫിലേക്ക് അയയ്ക്കുന്നുള്ളൂ. കുറച്ചുപേർ വെബ്സൈറ്റിലൂടെയും വായിക്കുന്നു. പക്ഷേ ഗൾഫിലുള്ള വിശ്വാസികളിൽ ഒരു ശതമാനത്തോളം മാത്രമേ ഡിഫെൻഡർ വായിക്കുന്നുള്ളൂ. ഇംഗ്ലണ്ടിൽ പത്തോ പതിനഞ്ചോ ശതമാനം വിശ്വാസികൾ ഇന്റർനെറ്റിലൂടെ ഡിഫെൻഡർ വായിക്കുന്നു. പക്ഷേ അമേരിക്കയിലെ സ്ഥിതി ഇതല്ല. അമേരിക്കയിലുള്ള 95% വിശ്വാസികളും ഇന്റർനെററിലൂടെ ഡിഫെൻഡർ വായിക്കയും കെ.സി.ജോണിനേപ്പോലുള്ളവരുടെ തട്ടിപ്പുകൾ മനസ്സിലാക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഇത്തവണ കെ.സി.ജോണിന് അമേരിക്കയിൽ ഏറെക്കാലം പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. അതിന്റെ ഫലമായാണ് അഭിമുഖമുണ്ടായത്.

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan